നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# രണ്ടു പോരാളികൾ



കോടതികളിലെ അഴിമതികൾക്കെതിരെ പോരാടുന്ന മുൻ കേന്ദ്രനിയമ കാര്യ മന്ത്രി ശാന്തി ഭൂഷനും പുത്രൻ പ്രശാന്ത് ഭൂഷനും.

138 ഒക്ടോബർ 2008

# ധീരതക്കുള്ള അവാർഡ് സരൂപ് ധ്രുവക്ക്



സരൂപ് ധ്രുവ

ധീരമായ രചനകൾക്ക് ഹ്യൂമൻ റൈറ്റ്സ് വാച്ച് നൽകുന്ന 2008 ലെ ഹെൽമാൻ/ഹാമെറ്റ് അവാർഡ് ഗുജറാത്തി നാടക കൃത്തും കവയിത്രിയും സാമൂഹ്യ പ്രവർത്ത കയുമായ സരൂപ് ധ്രുവക്ക് നൽകപ്പെട്ടു. സെൻസർഷിപ്പിനെ ചെറുക്കുന്ന ഇരുനൂറിൽ പരം എഴുത്തുകാരികളുൾപ്പെട്ട വിമൻസ് വേൾഡ്(ഇന്ത്യ)ലെ ഒരംഗമാണ് സരൂപ്. അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തിന്നു വേണ്ടി നിലകൊള്ളുന്ന വിമൻസ് വേൾഡ് ഇന്റർനാഷണലിന്റെ ഒരു ശാഖയാണിത്.

ഗുജറാത്തിൽ കക്ഷിഭേദമെന്യേ കോൺഗ്രസ്സ് ഗവർമ്മേണ്ടും ബി.ജെ.പി. ഗവർമ്മേണ്ടും സെൻസർഷീപ്പ് എടുത്തുപ്രയോഗിക്കാറുണ്ട്. സരൂപ് രണ്ടിനേയും ചെറുക്കാറുമുണ്ട്. നദി പറയുന്നത് ശ്രദ്ധിക്കൂ (2004) ജീവിക്കാനുള്ള അവ കാശം (1985) ഭരണപരിവർത്തനം (1987) എന്നീ നാടകങ്ങളും വർഗീയ കലാപ ങ്ങൾക്കും മറ്റും ഇരയായവർക്കിടയിലുള്ള പ്രവർത്തനങ്ങളും ഇവരെ അധികാ രികളുടെ അരിശത്തിന്നു പാത്രമാക്കാറുണ്ട്.

തെരുവുനാടകങ്ങൾ അവതരിപ്പിക്കുന്നതിൽ അവർ വിദഗ്ധയായിരുന്നു. 2002 ൽ മുസ്ലീമുകൾക്കെതിരെ നടന്ന നരവേട്ടക്കുശേഷം അവർ പ്രത്യേകം ശ്രദ്ധിക്ക പ്പെട്ടു. ഗുജറാത്തിയിൽ നാലു കവിതാ സമാഹാരങ്ങൾ അവർ പ്രസിദ്ധീകരിച്ചി ട്ടുണ്ട്. അഹമ്മദാബാദാണ് അവരുടെ പ്രവർത്തന കേന്ദ്രം.

രാഷ്ട്രീയ പീഡനം മൂലം സാമ്പത്തികമായി കഷ്ടപ്പെടുന്നവരെ സഹായി ക്കാനായി ലില്ലിയൻ ഹെൽമാൻ എന്ന നാടകകൃത്ത് വകയിരുത്തിയിട്ടുള്ള ധന ത്തിൽ നിന്നാണ് ഹ്യൂമൻ റൈറ്റ്സ് വാച്ച് അവാർഡ് നൽകുന്നത്. പ്രഗത്ഭരായ സാഹിത്യകാരന്മാരും പത്രാധിപന്മാരുമായ എട്ടുപേരടങ്ങിയ ഒരു കമ്മിറ്റിയാണ് അവാർഡിന്നർഹയായ ആളെ തീരുമാനിക്കുന്നത്. ലോകത്തിന്റെ നാനാഭാഗ ങ്ങളിൽ നടക്കുന്ന സെൻസർഷിപ്പുകളിലേക്ക് ലോകത്തിന്റെ ശ്രദ്ധ തിരിച്ചുവി ടാൻ ഉദ്ദേശിച്ചുള്ളതാണ് ഈ അവാർഡ്.

സാഹിത്യകാരിയായിരുന്ന ഹെൽമാനും അവരുടെ കൂട്ടുകാരനും നോവലി സ്റ്റുമായിരുന്ന ഡാഷിയൽ ഹാമെറ്റും അമേരിക്കയിലെ മക്കാർത്തി യുഗത്തിൽ കമ്യൂണിസ്റ്റാണെന്ന് ആരോപിക്കപ്പെട്ട് ചോദ്യം ചെയ്യപ്പെടുകയുണ്ടായി. ഇത് അവരുടെ കൃതികളുടെ പ്രസിദ്ധീകരണത്തിന്ന് തടസ്സവും സൃഷ്ടിച്ചു.

പീഡിപ്പിക്കപ്പെടുന്ന സാഹിത്യകാരന്മാരെ സഹായിക്കാനായി ഇവർ നീക്കിവച്ച നിധിയിൽനിന്ന് ഇതിന്നകം 88 രാജ്യങ്ങളിലെ അഞ്ഞൂറിൽപരം എഴുത്തുകാർക്ക് സഹായം നൽകിയിട്ടുണ്ട്.

ജനനീതി

ഒക്ടോബർ 2008
138

പത്രാധിപർ:
**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# സുപ്രീംകോടതി കൽപ്പിച്ചാൽ പോലും കാര്യം നടക്കില്ല

ദൈവം വചാരിച്ചാൽപോലും ഈ നാടിനെ രക്ഷിക്കാനാവില്ലെന്ന് സുപ്രീംകോടതിയിൽ ഒരു കേസിന്റെ വിചാരണക്കിടയിൽ ഒരു ജഡ്ജി അഭിപ്രായപ്പെട്ടതായി റിപ്പോർട്ടുണ്ടായിരുന്നു. ദൈവത്തിന്റെ കാര്യം നമുക്ക് വിടുക. എന്നാൽ സുപ്രീം കോടതി കൽപ്പിച്ചാൽ പോലും ഇവിടെ ഒരു കാര്യവും ശരിക്കു നടക്കില്ലെന്നത് ജനങ്ങൾ അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന കാര്യമാണ്. ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമം എന്തെന്ന് സുപ്രീം കോടതി നാലഞ്ചുകൊല്ലം മുമ്പ് അക്കമിട്ട് നിശ്ചയിച്ചിരുന്നു. എന്നിട്ടോ? ഇങ്ങനെയൊരു നടപടിക്രമം നിശ്ചയിച്ചിട്ടുണ്ടെന്ന് അറിവുള്ള പോലീസുകാർ എത്രപേരുണ്ടാകും?

ഈ ഇന്ത്യാ മഹാരാജ്യത്തിൽ ഒരാളും തന്നെ ഒരു നിവൃത്തിയുണ്ടെങ്കിൽ ഒരു പോലീസ് സ്റ്റേഷനിൽ കയറിചെല്ലുകയില്ല. തങ്ങൾക്ക് കയറിച്ചെല്ലാവുന്ന സ്ഥലമല്ല അതെന്ന് ജനങ്ങൾക്കറിയാം. തീർത്തും ഗതികേടിലാകുന്നവരും തികഞ്ഞ ശുദ്ധാത്മാക്കളും മാത്രമേ അവിടെ പരാതിയുമായി എത്താറുള്ളൂ. എന്നിട്ടോ? എന്നിട്ടെന്തു സംഭവിക്കുമെന്നത് ഭാഗ്യം പോലെയിരിക്കും. ചിലപ്പോൾ ഒന്നും സംഭവിക്കില്ല; ചിലപ്പോൾ വാദി പ്രതിയായെന്നുവരും. ഇത്തരമൊരു കേസ് സുപ്രീംകോടതിയിലെത്തിയപ്പോഴാണ് കോടതി ക്ഷോഭിച്ചത്. പോലീസ് സ്റ്റേഷനിൽ ഒരു പരാതി കിട്ടിയാൽ എന്തു ചെയ്യണമെന്ന് ഇന്ത്യൻ സുപ്രീം കോടതി പോലീസ് ഡയറക്ടർമാരേയും ചീഫ് സെക്രട്ടറിമാരേയും പഠിപ്പിച്ചു. ഇതിൽപരം ഒരു നാണക്കേടുണ്ടാകാനുണ്ടോ?

# കാടിന്നുവേണ്ടിയുള്ള പിടിവലി; കോടതിയുടെ ഇടപെടൽ

**- കാഞ്ചി കോഹ്‌ലി -**

വനം ഉപദേശക സമിതി സംഘടിപ്പിക്കുന്ന കാര്യത്തിൽ സുപ്രീംകോടതിയും വനം മന്ത്രകാര്യാലയവും തമ്മിൽ ദീർഘകാലമായി നിലനിന്നിരുന്ന ഉരസൽ അവസാനമൊരു രഞ്ജിപ്പിലെത്തിയെന്നു തോന്നുന്നു. ഇരുകൂട്ടർക്കും സമ്മതമായ മൂന്നുപേരുടെ പേരും അവരുടെ ജോലിയും നിർണ്ണയിച്ചുകൊണ്ട് മേയ് 2ന്ന് സുപ്രീം കോടതി കല്പനയായിട്ടുണ്ട്.

വ്യവസായ പദ്ധതികളുടെ പാരിസ്ഥിതികമായ കാര്യങ്ങൾ തീരുമാനിക്കുന്നതിൽ വനം ഉപദേശക സമിതിക്ക് മർമ്മപ്രധാനമായൊരു പങ്കാണുള്ളത്. വനഭൂമി വനേതരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതു പദ്ധതി വന്നാലും 1980 ലെ വനം നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ വനം മേധാവികളുടെ അനുമതി വാങ്ങണം. ഇത്തരത്തിൽ വനം ഭൂമി തിരിച്ചുവിടാനുള്ള നിർദ്ദേശം വന്നാൽ ലോക്കൽ ഡിവിഷനൽ കമ്മീഷണറുടെ ശുപാർശയോടെ വനം വകുപ്പ് അത് വനം ഉപദേശക സമിതിക്ക് സമർപ്പിക്കുന്നു. അപേക്ഷ പരിശോധിക്കുക, കൂടുതൽ വിവരങ്ങൾ വേണമെങ്കിൽ ശേഖരിക്കുക, അവ ➡

---

കോടതിയുടെ കൽപ്പനയുടെ സാരാംശം ഇതാണ്: പരാതി ലഭിച്ചിട്ടും പോലീസ് കേസെടുക്കുന്നില്ലെങ്കിൽ, പരാതി ക്കാരന് മജിസ്ട്രേട്ട് മുമ്പാകെ പരാതിപ്പെടാം. മജിസ്ട്രേട്ട് അതനുസരിച്ച് പോലീസിന്നു നിർദ്ദേശം നൽകും. മജിസ്ട്രേട്ടിന്റെ നിർദ്ദേശം കിട്ടിയാൽ 24 മണിക്കൂറിന്നകം പോലീസ് കേസെടുക്കണം. മറ്റനേകം സങ്കൽപ്പങ്ങളെയെന്നപോലെ ഒരു സങ്കൽപ്പത്തെ ആധാരമാക്കിയുള്ളതാണ് സുപ്രീം കോടതിയുടെ ഈ കൽപ്പന. പോലീസിനെ നിയന്ത്രിക്കുന്നവരാണ് മജിസ്ട്രേട്ടുമാരെന്ന സങ്കൽപ്പത്തിലുള്ള കല്പനയാണിത്. പലപ്പോഴുമെന്നല്ല, മിക്കപ്പോഴും കാര്യം നേരെമറിച്ചാണ്. തന്റെ മുന്നിൽ ഹാജരാക്കുന്ന പ്രതിയോട് രണ്ടുവാക്ക് സംസാരിക്കാനുള്ള ഔദാര്യം പോലും കാണിക്കാത്ത കഠിന ഹൃദയരായ മജിസ്ട്രേട്ടുമാർ ഇന്നാട്ടിൽ സുലഭമാണ്. ഇവരുടെയടുക്കൽ പരാതിപ്പെട്ടിട്ട് എന്താണ് കാര്യം?

ആഗസ്റ്റ് എട്ടാം തിയ്യതി സുപ്രീം കോടതി ഈ കൽപ്പന പുറപ്പെടുവിക്കുന്ന സമയത്ത്, ഇപ്പുറത്തെ ബാംഗ്ലൂരിൽ മറ്റൊരു നാടകം നടക്കുകയായിരുന്നു. കർണാടക ലോകായുക്ത പിടികൂടിയതിനെത്തുടർന്ന് സസ്പെൻഡ് ചെയ്യപ്പെട്ടിരുന്ന ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ അയാളുടെ പഴയ തസ്തികയിൽതന്നെ ആഘോഷപൂർവ്വം പുന:പ്രതിഷ്ഠ നടത്തിയതാണ് സംഭവം. ലോകായുക്ത ഡിസംബർ 19ന്ന് നടത്തിയ മിന്നൽ പരിശോധനയിൽ ഈ എഞ്ചിനീയർക്ക് കണക്കിൽപെടാത്ത നാലുകോടി രൂപയുടെ സ്വത്തുണ്ടെന്നു കണ്ടെത്തിയിരുന്നു. തന്മൂലം അയാളെ സസ്പെൻഡ് ചെയ്തു. ലോകായുക്തയുടെ അന്വേഷണം തുടരുന്നതിന്നിടയിൽ ഈ വിദ്വാനെ പഴയ തസ്തികയിൽതന്നെ പുന:പ്രതിഷ്ഠ നടത്തിക്കൊണ്ട് കൽപ്പന വന്നു. അയാളാകട്ടെ ആഘോഷപൂർവ്വം വന്ന് ഉദ്യോഗ മേൽക്കുകയും ചെയ്തു. ദൈവത്തിനുപോലും ഈ നാടിനെ രക്ഷിക്കാനാവില്ലെന്ന് ജഡ്ജി പറഞ്ഞത് ഒരുപക്ഷെ ശരിയാകണം. ❑

സാനം പദ്ധതിക്ക് അനുമതി നൽകുകയോ പദ്ധതി തിരസ്കരിക്കുകയോ ചെയ്യുക എന്നീ ജോലികളെല്ലാം വനം ഉപദേശക സമിതിയാണ് നിർവ്വഹിക്കേണ്ടത്.

2006 അവസാനത്തിൽ ടി.എൻ. ഗോദവർമ്മൻ കേസ് എന്നറിയപ്പെടുന്ന വനം കേസ് സുപ്രീം കോടതിയിൽ വിചാരണക്ക് വന്നതോടെയാണ് കൗതുകകരമായ സംഭവവികാസങ്ങളുണ്ടായത്. നിലവിലുള്ള വനം ഉപദേശക സമിതിയുടെ കാലാവധി അവസാനിക്കുന്ന അവസരം; പുതിയ ഉപദേശക സമിതി രൂപീകരിക്കുന്ന ഘട്ടം. അപ്പോൾ സുപ്രീം കോടതി ഇടപെട്ടു; അതു ഗവർമ്മേണ്ടിന്നു രസിച്ചില്ല. വനം മന്ത്രി കാര്യാലയത്തിലും ചീഫ് ജസ്റ്റീസിന്റെ കോടതി മുറിയിലും ഒട്ടേറെ ചൂടുപിടിച്ച വാഗ്വാദം നടന്നു. സുപ്രീം കോടതിയും സുപ്രീം കോടതിയുടെ എംപവേർഡ് കമ്മിറ്റിയും നിർദ്ദേശിച്ച പേരുകൾ ഗവർമ്മേണ്ടിന്ന് അസ്വീകാര്യമായിരുന്നു.

ഒടുവിൽ 2007 ഏപ്രിൽ 24ന്ന് ഒരു പരിഹാരം കണ്ടെത്തി. ഇതനുസരിച്ച് വനം മന്ത്രികാര്യാലയം നിർദ്ദേശിച്ച പേരുകൾ കോടതി താൽക്കാലികമായി അംഗീകരിച്ചു. പക്ഷെ പുതിയ ഉപദേശക സമിതിയുടെ തീരുമാനം എപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന്നു സമർപ്പിക്കണമെന്നും വ്യവസ്ഥ ചെയ്തു. എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം സുപ്രീം കോടതി പരിശോധിച്ച് അവസാന തീരുമാനം ചെയ്യും.

വനം വകുപ്പിന്റെ അനുമതി ആവശ്യമായ എല്ലാ പദ്ധതികളും പുതിയൊരു ഘട്ടത്തെക്കൂടി തരണം ചെയ്യണമെന്നർത്ഥം. –ആദ്യം വനം ഉപദേശക സമിതി; പിന്നീട് എംപവേർഡ് കമ്മിറ്റിയും കോടതിയും.

കഴിഞ്ഞകൊല്ലം ഡസൻ കണക്കിന്ന് പദ്ധതികൾ എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിച്ചു; അവയിൽ ചിലതിന്ന് അംഗീകാരം നൽകി; മറ്റുള്ളവ തിരസ്കരിക്കപ്പെട്ടു. ഇനിയും അനുമതിലഭിക്കാത്ത പ്രധാന പദ്ധതികളിലൊന്ന് ഒറീസയിൽ തെക്കൻ കൊറിയൻ കമ്പനിയായ പോസ്കോ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഉരുക്കു നിർമ്മാണ ശാലയാണ്. ഇത് ഒരൊറ്റ ഉരുക്കു നിർമ്മാണ ശാലയാണെങ്കിലും അതിനെ മൂന്നായി തിരിച്ചാണ് പോസ്കോ റിപ്പോർട്ട് നൽകിയിരിക്കുന്നത്. (1).ഖനന പദ്ധതി (2). ഉരുക്കു നിർമ്മാണം (3) തുറമുഖ പദ്ധതി. ഇവയെല്ലാം ഉൾപ്പെടുത്തി സമഗ്രമായൊരു റിപ്പോർട്ട് സമർപ്പിക്കാനാണ് എംപവേർഡ് കമ്മിറ്റി ആവശ്യപ്പെട്ടിരിക്കുന്നത്.

സാധാരണ ഗതിയിൽ വനം മന്ത്രികാര്യാലയത്തിന്റെ അധികാര പരിധിയിൽപെട്ടതായി കണക്കാക്കപ്പെടുന്ന ഒരു കാര്യത്തിൽ സുപ്രീം കോടതി മേൽനോട്ടം വഹിക്കുന്നതും വിധി പറയുന്നതും ഏറെ വിവാദത്തിന്നിടയാക്കിയിട്ടുണ്ട്. പക്ഷെ കോടതിക്ക് ഇടപെടേണ്ടി വന്നത് വനം വകുപ്പ് അതിന്റെ ഉത്തരവാദിത്വം നിറവേറ്റാതെ വന്നതുകൊണ്ടാണെന്നതും, ഒരു വസ്തുതയാണ്. 1980ന്നു ശേഷം വനം വകുപ്പ് 11 ലക്ഷം ഹെക്ടർ വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്. ഇതിൽ നാലിലൊന്ന് 2003ന്നു ശേഷവുമാണ്.

കഴിഞ്ഞ ഡിസംബറിൽ എംപവേർഡ് കമ്മിറ്റിയുടെ കാലവധി കഴിഞ്ഞു. പിന്നീട് ഫെ. 21ന്ന് കമ്മിറ്റി പുന:സംഘടിപ്പിച്ചു. പുതിയ കമ്മിറ്റിയിൽ വനം വകുപ്പിന്റെ ഡയറക്ടർ ജനറൽ ഒരംഗമാണ്. ഇദ്ദേഹം വനം ഉപദേശക സമിതിയിലും അംഗമാണ്.

വനം ഉപദേശക സമിതിയിലെ അനൗപചാരികാംഗങ്ങളായി വനം വകുപ്പും കോടതിയും യോജിച്ചു നിശ്ചയിച്ചിരിക്കുന്നത് മാധവഗാഡ്ഗിൽ, ഉല്ലാസ് കരന്ത്, മഹേശ് രംഗരാജൻ എന്നിവരുടെ പേരുകളാണ്. ❑

# കലികയറുന്ന ജഡ്ജിമാർ

**- എ.ജി. നൂറാനി -**

സുപ്രീം കോടതിയിൽ ജഡ്ജിമാർ രോഷപ്രകടനം നടത്തുന്നതിപ്പോൾ സാധാരണമായിത്തീർന്നിരിക്കുന്നതിനാൽ ആരുമതിൽ ഇപ്പോൾ പ്രതിഷേധിക്കാറില്ല. ലോകത്തിലെ മറ്റൊരു സുപ്രീം കോടതിയിലും ജഡ്ജിമാരിങ്ങനെ മര്യാദകെട്ട, അന്തസ്സില്ലാത്ത പരാമർശങ്ങൾ നടത്താറില്ല. ആഗസ്തിൽ നാലുദിവസം തുടർച്ചയായി ജഡ്ജിമാർ രോഷപ്രകടനം നടത്തുന്ന ഖേദകരമായ കാഴ്ച നമുക്കു കാണേണ്ടിവന്നു.

ആഗസ്ത് 5ന്ന് ദിൽഹിയിലെ വി.ഐ.പി.മാർ കൈവശം വച്ചിരിക്കുന്ന ബംഗ്ലാവുകൾ ഒഴിപ്പിക്കുന്നതു സംബന്ധിച്ച കേസിൽ ജ: ബി.എൻ. അഗർവാൾ ഇങ്ങനെ പറഞ്ഞു: "കേന്ദ്രത്തിലായാലും ശരി സംസ്ഥാനങ്ങളിലായാലും ശരി, ഗവർമ്മേണ്ട് സംവിധാനമാകെ അഴിമതിയിലാണ്ടുകിടപ്പാണ്. അവർ (ഉയർന്ന ഉദ്യോഗസ്ഥന്മാർ) മനസ്സുവയ്ക്കുന്നില്ല എന്നു പറയുന്നതിലും ഭേദം അവർക്ക് മനസ്സേയില്ലെന്നു പറയുന്നതാകും. ക്ലർക്കുമാരുടെ അഭിപ്രായത്തോട് വിയോജിക്കാനുള്ള തന്റേടം അവർക്കില്ല".

അപ്പോൾ ജ: ജി. എസ്. സിംഗ്‌വി ഇടപെടുകയും "ദൈവത്തിന്നുമാത്രമേ ഈ രാജ്യത്തെ രക്ഷിക്കാനാകൂ" എന്നു പറയുകയും ചെയ്തപ്പോൾ ജ: അഗർവാൾ പറഞ്ഞത് "ദൈവത്തിന്നുപോലും ഈ നാടിനെ രക്ഷിക്കാനാകില്ല" എന്നാണ്. നമ്മുടെ രാജ്യത്തിന്ന് സ്വഭാവശുദ്ധിയാകെ നഷ്ടപ്പെട്ടതായും അദ്ദേഹം തുടർന്ന് പറഞ്ഞു.

ഇതൊരു അമ്പയറുടെ ഭാഷയല്ല, രാഷ്ട്രീയ പ്രതിയോഗിയുടെ ഭാഷയാണ്. നിയമവിരുദ്ധമായി കയ്യേറിയവരെ അറസ്റ്റ് ചെയ്യുകയും അവർക്കെതിരെ മൂന്നാംമുറ പ്രയോഗിക്കുകയും വേണമെന്ന് ജ: അഗർവാൾ ആദ്യം ആവശ്യപ്പെട്ടിരുന്നു. നമ്മുടെ പോലീസുകാർക്ക് എന്തു സന്ദേശമാണിതിൽനിന്നു ലഭിക്കുക?

ആഗസ്ത് ആറാം തിയ്യതി ജഡ്ജിമാരുടെ അഴിമതി സംബന്ധിച്ച ഘാസിയാബാദ് കേസിന്റെ വിചാരണ നടത്തിയ ബഞ്ചിൽ ഈ ജഡ്ജിമാർക്കുപുറമെ ജ: സിർപുർക്കറും അംഗമായിരുന്നു. കേസുമായി യാതൊരു ബന്ധവുമില്ലാതിരുന്നിട്ടും പത്രക്കാരുടെ മഹാപാപങ്ങളെപ്പറ്റി ജ: അഗർവാൾ പ്രസ്താവിക്കുകയുണ്ടായി.

ആഗസ്ത് 7ന്ന് ജ: അഗർവാൾ എല്ലാ അതിരുകളേയും ലംഘിച്ചു. സീനിയർ അഭിഭാഷകനും മുൻ കേന്ദ്രനിയമമന്ത്രിയുമായ ശാന്തിഭൂഷൻ "തെരുവുപിള്ളേരെപ്പോലെ" പെരുമാറുന്നതായി ആക്ഷേപിച്ചു; ഒരിക്കലല്ല മൂന്നു തവണ. ഇത് വിമർശനമല്ല, അവഹേളനമാണ്.

ആഗസ്ത് 2-ാം തിയ്യതി ജ: അഗർവാളും ജ: സിങ്‌വിയുമടങ്ങിയ ഒരു ബഞ്ചിൽ പോലീസുകാർക്കെതിരായ ഒരു കേസ് വന്നു. പരാതി നൽകിയിട്ടും പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യാൻ പോലീസ് കൂട്ടാക്കാതിരുന്നതു സംബന്ധിച്ച കേസായിരുന്നു അത്. "പോത്തിനെ തല്ലുംപോലെ തല്ലിയാലേ നിങ്ങളൊക്കെ എന്തെങ്കിലും പണിയെടുക്കൂ" എന്നായിരുന്നു കോടതിയുടെ പരാമർശം. കേസ് വിചാരണക്കിടയിൽ ജഡ്ജിമാർ നടത്തുന്ന പരാമർശം റിപ്പോർട്ടു ചെയ്യരുതെന്ന് മുൻ ചീഫ് ജസ്റ്റിസ് ജെ.എസ്. വർമ്മ വിലക്കിയിട്ടുള്ളതിനാൽ ആരാണിങ്ങനെ പറഞ്ഞതെന്ന് പത്രക്കാർ റിപ്പോർട്ടു ചെയ്തിട്ടില്ല. ഈ നിരോധനം അസംബന്ധമാണ്. കോടതിയുടെ വിധിമാത്രമേ ബഞ്ചിന്റെ വിധിയാകൂ. ജഡ്ജിമാർ വാക്കാൽ നടത്തുന്ന പരാമർശ

ങ്ങൾ അറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്.

മാധ്യമങ്ങൾ നീതിനിഷ്ഠയും കൃത്യതയും പാലിക്കണമെന്ന് കഴിഞ്ഞ മാർച്ചിൽ സുപ്രീം കോടതിയിലെ ജ: കപ്പാഡിയയും ജ: സിർപുർക്കറും ഉപദേശിക്കുകയുണ്ടായി. പക്ഷെ കോടതി നടപടികളിൽനിന്ന് അഹിതകരമായ ഭാഗങ്ങൾ ഒഴിവാക്കുന്നത് മേൽപറഞ്ഞ മൂല്യങ്ങൾക്ക് വിരുദ്ധമാണ്. തങ്ങൾ വളയപ്പെട്ടിരിക്കുന്നുവെന്ന വിചാരം ജഡ്ജിമാർക്കുണ്ടാകുമ്പോൾ അവർ അസഹിഷ്ണുക്കളായിത്തീരുന്നു. തങ്ങൾ എപ്പോഴും ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് ചീഫ് ജസ്റ്റീസ് കെ. ജി. ബാലകൃഷ്ണൻ മെയ് 2ന്ന് പരാതിപ്പെടുകയുണ്ടായി. ജഡ്ജിമാരെ വേട്ടയാടുന്നതും അവർക്കെതിരെ അവഹേളനാത്മകമായ ഭാഷ ഉപയോഗിക്കുന്നതും ചിലർക്ക് ഒരു കുട്ടിക്കളിയായി മാറിയിട്ടുണ്ടെന്ന് ഒരു കോടതിയലക്ഷ്യക്കേസിന്റെ വിധിയിൽ ജ: അരിജിത് പസ്സായത് ആക്ഷേപിക്കുകയുണ്ടായി. ഈ സാമാന്യവൽക്കരണം അനാവശ്യമായിരുന്നു.

വിമർശകരോട് ഒരല്പം നീതിപോലും കോടതി കാണിക്കാറില്ല. കഴിഞ്ഞ ഫെബ്രുവരി 19ന്ന് ഗോധ്ര കേസ് സംബന്ധിച്ച ജാമ്യാപേക്ഷയുടെ വാദം നടക്കുന്നതിന്നിടയിൽ ചീഫ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ അഭിഭാഷകരിലാരെങ്കിലും ഏതെങ്കിലും വിധത്തിൽ ടീസ്റ്റ സെത്തൽവാദുമായി ബന്ധപ്പെട്ടവരായിട്ടുണ്ടോ എന്ന് ചോദിക്കുകയുണ്ടായി. മാതൃഭൂമിയിൽവന്ന ഒരു ലേഖനത്തിൽ കലികയറിയ അദ്ദേഹം ചോദിച്ചു: "ആരാണീ ടീസ്റ്റ സെത്തൽവാദ്? ഈ ആൾക്കാരുടേയോ ഹർജിക്കാരുടേയോ വക്താവാണോ? ഗോധ്ര പ്രതികളെ പ്രതിനിധീകരിക്കുന്നവരാണ് അവരെങ്കിൽ, ഞങ്ങൾ ഈ കേസ് കേൾക്കില്ല."

അങ്ങനെ പറയാൻ ചീഫ് ജസ്റ്റീസിന്ന് അധികാരമില്ല, തീച്ച. ടീസ്റ്റ സെത്തൽവാദിന്ന് എന്തു പറയാനുണ്ടെന്നറിയാൻ ഒരവസരം നൽകാതെ അവരെ ശാസിക്കാനും കോടതിക്കധികാരമില്ല. പ്രഗത്ഭരായ ഒട്ടേറെ ബുദ്ധിജീവികളും ലോകസഭാ സ്പീക്കർ സോമനാഥ് ചാറ്റർജി ഉൾപ്പെടെ ഒട്ടേറെ ദേശീയ നേതാക്കളും ഇതിൽ പ്രതിഷേധിക്കാൻ നിർബ്ബന്ധിതരായി.

"ജനവിശ്വാസമാർജ്ജിക്കാൻ കോടതികൾക്ക് കഴിയണമെങ്കിൽ വിനയവും ക്ഷമയും കൂടിയേതീരൂ" എന്ന് മഹാനായ ഒരു ജഡ്ജിയായിരുന്ന മാക്മില്ലൻ പ്രഭു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രഗത്ഭ അഭിഭാഷകനായ ശാന്തിഭൂഷൻ തെരുവു പിള്ളേരെപ്പോലെ പെരുമാറുന്നുവെന്ന ജ: അഗർവാളിന്റെ പരാമർശം ഒരൊറ്റപ്പെട്ട സംഭവമല്ല. 2007 ജനുവരി 5ന്ന് അന്നത്തെ ചീഫ് ജസ്റ്റീസായിരുന്ന ജ: സഭർവാൾ, ജ: പസ്സായത്, ജ: കപ്പാഡിയ എന്നിവരടങ്ങിയ ബഞ്ച് അഡീഷണൽ സോളിസിറ്റർ ജനറലായ വികാസ് സിങ്ങിനെ ഭീഷണിപ്പെടുത്തുകയുണ്ടായി. കോടതി അതിന്റെ വ്യവസ്ഥാപിത പരിധികളെ ലംഘിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചതിന്ന് വികാസ് സിങ്ങിന്റെപേരിൽ കോട്ടലക്ഷ്യ നടപടിയെടുക്കുമെന്നാണ് കോടതി ഭീണിപ്പെടുത്തിയത്. ഇക്കാര്യം ചൂണ്ടിക്കാട്ടാൻ അഡീഷണൽ സോളിസിറ്റർ ജനറലിന്ന് എല്ലാ അവകാശവുമുണ്ട്.

നിർഭാഗ്യവശാൽ, മാധ്യമങ്ങളുമായുള്ള ഇടപാടിൽ അഭിഭാഷകരുടെ സ്ഥിതിയും അന്യൂനമല്ല. പല അഭിഭാഷകരും തങ്ങളുടെ കേസിനെപ്പറ്റി ടെലിവിഷൻ ക്യാമറക്ക് മുന്നിൽനിന്ന് സംസാരിക്കുന്ന നിരാശാവഹമായ കാഴ്ച കാണാറുണ്ട്. അപ്പോൾ അവർ അവരുടെ കക്ഷിയുടെ പബ്ലിക് റിലേഷൻ ഓഫീസറായിമാറുന്നു.

നീതിന്യായ നിർവ്വഹണത്തിൽ ഉൾപ്പെട്ടവരെല്ലാം, തങ്ങളുടെ പ്രവർത്തനപരിധി നിശ്ചയിക്കേണ്ട ഒരു സ്ഥിതിയിൽ നാം എത്തിയിരിക്കുകയാണ്.

(ഔട്ട്‌ലുക്കിൽനിന്ന് സംഗ്രഹിച്ചത്) ❑

കവർസ്റ്റോറി

# ജഡ്ജിമാരെ വേട്ടയാടുന്ന രണ്ടു അഭിഭാഷകന്മാർ

- വിജയ സിംഹ -

ദൽഹിയിലെ ജങ്പുര. വൈകുന്നേരം ആറുമണി കഴിഞ്ഞു. ഒരു കെട്ടിടത്തിന്റെ നിലവറതളത്തിൽ നാൽപ്പതോളം പേർ നിലത്തിരിപ്പുണ്ട്. മിക്കവരും വിദ്യാർത്ഥികളാണ്. ചുറ്റുമുള്ള ചുവരുകളിൽ ചേഗുവേര, മാർലോൻ ബ്രാൻഡോ, ആൽഫ്രഡ് ഹിച്ച്കോക്ക്, ഫെഡറിക്കോ ഫെല്ലിനി തുടങ്ങിയവരുടെ ചിത്രങ്ങൾ. കഷണ്ടികയറിയ തലയോടുകൂടിയ ചടച്ച ഒരാൾ അവരുടെ ഇടയിലേക്ക് ഇറങ്ങിവരുന്നു. അദ്ദേഹമാണ് പ്രശാന്ത് ഭൂഷൺ; അഭിഭാഷകൻ.

ജൂഡീഷ്യൽ ഉത്തരവാദിത്വത്തിന്നും പരിഷ്ക്കരണത്തിന്നുമുള്ള പ്രസ്ഥാനത്തിന്റെ ഓഫീസാണത്. സാധാരണക്കാരായ ഒരു സംഘം ആളുകളാണവിടെ സമ്മേളിച്ചിരിക്കുന്നത്. ഇന്ത്യയിലെ മറ്റെല്ലാവരേയും പോലെ ഇവരും ഇന്ത്യയിലെ നീതിന്യായ സംവിധാനം സത്യസന്ധതയുടെയും ആർജ്ജവ ബുദ്ധിയുടേയും നിറകുടമാണെന്ന് കരുതിയിരുന്നവരാണ്. എന്നാൽ പ്രശാന്ത് ഭൂഷൺ കടന്നു വരുന്നതിന്ന് മുമ്പു അരമണിക്കൂർ നേരം അവർ കേട്ട കാര്യങ്ങൾ അവരുടെ സമനില തെറ്റിക്കുന്നതായിരുന്നു. നീതിന്യായ സംവിധാനമാകെ അഴിമതിയിൽ ആണ്ടുകിടക്കുകയാണെന്നവർ അറിഞ്ഞു.

എന്തു ചെയ്യണം? അതു പറയേണ്ടത് 52 കാരനായ പ്രശാന്ത് ഭൂഷണായിരുന്നു. അഴിമതിക്കാരായ ജഡ്ജിമാരെ ശിക്ഷിക്കാനുള്ള പ്രസ്ഥാനം എങ്ങനെ രൂപം കൊള്ളണമെന്ന് അദ്ദേഹം വിവരിച്ചു. ചണ്ഡിഗഡിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുണ്ടായ ഒരു സംഭവം അദ്ദേഹം വിവരിച്ചു. ഹരിയാന അഡീഷനൽ അഡ്വക്കറ്റ് ജനറൽ സന്ദീപ് ബൻസാലിന്റെ ഒരു ക്ലർക്ക് ഹൈക്കോടതി ജഡ്ജിയുടെ സെക്യൂരിറ്റി ഗാർഡ് വശം ഒരു പൊതി ഏല്പിച്ചു. അതൊരു ബോംബായിരിക്കുമെന്ന് സംശയിച്ച് ഗാർഡ് തുറന്നു നോക്കി. 15 ലക്ഷം രൂപയാണ് അയാളതിൽ കണ്ടത്. ബൻസാലിനെ പുറത്താക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്തു. ആ കേസ് തുടരുന്നു. ജഡ്ജിമാരുടെ ആർത്തിയുടെ ഏറ്റവും പുതിയ ഉദാഹരണമാണിത്.

പ്രശാന്ത് ആകസ്മികമായി ഈ വഴിയിൽ വന്നുപെട്ടതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്നുശേഷം പ്രശാന്ത് ആദ്യം ചേർന്നത് മദ്രാസ് ഐ.ഐ.ടി. യിലായിരുന്നു. മെക്കാനിക്കൽ എഞ്ചിനീയറിങ്ങായിരുന്നു വിഷയം. ഒന്നാമത്തെ സെമസ്റ്ററിന്നുശേഷം അതുപേക്ഷിച്ച് സാമ്പത്തിക ശാസ്ത്രപഠനത്തിന്നു ചേർന്നു. അതുപേക്ഷിച്ചശേഷം പ്രിൻസ്ടണിൽ ശാസ്ത്ര പഠനത്തിന്നു ചേർന്നു. ഒടുവിൽ അല്ലാഹാബാദ് സർവ്വകലാശാലയിൽനിന്ന് നിയമ ബിരുദമെടുത്തു.

പ്രശാന്തിന്റെ ആദ്യത്തെ കേസുകളിലൊന്ന് ഡൂൺവാലികേസായിരുന്നു. ദെഹ്റാഡൂൺ താഴ്‌വരയിലെ ചുണ്ണാമ്പുകൽ ഖനനം പരിസ്ഥിതിയെയാകെ നശിപ്പിച്ചുകൊണ്ടിരുന്ന കാലമാണത്. ആ കേസിന്നുശേഷം ഭോപ്പാൽ വിഷവാതക ദുരന്തത്തിന്നിരയായവരുടെ കേസ് അദ്ദേഹം ഏറ്റെടുത്തു. അതിന്നുശേഷം നർമ്മദാനദീതടകേസും വാദിച്ചു.

ഇന്ത്യയിലെ ഏറ്റവും പഴയ മനുഷ്യാവകാശ സംഘടനയായ പി.യു.സി.എൽ. ന്റെ ദൽഹി കമ്മിറ്റിയുടെ പ്രസിഡണ്ടാണ് പ്രശാന്ത്. 1980 കളിൽ ഇന്ത്യക്ക് 64 കോടി നഷ്ടമുണ്ടാക്കിയ ബോഫോഴ്സ് കേസ് സംബന്ധിച്ച് പ്രശാന്ത് ഒരു പുസ്തകം തന്നെ രചിച്ചിട്ടുണ്ട്.

പ്രശാന്തിന്റെ അഛൻ ശാന്തി ഭൂഷണന്ന് ഇപ്പോൾ 83 വയസ്സുണ്ട്. മൊറാർജി ദേശായിയുടെ ഗവർമ്മേണ്ടിൽ (1977–79) ഇദ്ദേഹം നിയമകാര്യമന്ത്രിയായിരുന്നു. ദൽഹിക്കടുത്ത നോയ്ഡയിലെ വസതിയിലാണ് അഛനും മകനും ജീവിക്കുന്നത്. ജഡ്ജിമാർക്കിടയിലെ അഴിമതി രണ്ടുപേരേയും അരിശം കൊള്ളിക്കുന്നു. കൊച്ചു പാർട്ടികൾ നാടിന്നൊരു നാണക്കേടാണെന്ന് ശാന്തി ഭൂഷൺ കരുതുന്നു. മൻമോഹൻ സിങ്ങിന്റെ ഗവർമ്മേണ്ടിന്റെ നേട്ടങ്ങളിൽ നല്ല മതിപ്പുള്ള ആളാണദ്ദേഹം. തിരഞ്ഞെടുപ്പിൽ അദ്ദേഹം കോൺഗ്രസ്സിന്നു വോട്ടു ചെയ്തേക്കും. എന്നാൽ മകൻ പ്രശാന്ത് നേരെ മറിച്ചാണ്. ഇന്ത്യയിലെ ഏറ്റവും ദുർബലമായ ഗവർമ്മേണ്ട് മൻമോഹൻ സിങ്ങിന്റേതെന്ന് അദ്ദേഹം കരുതുന്നു. ഒരു തിരഞ്ഞെടുപ്പുവന്നാൽ അദ്ദേഹം ബി.എസ്.പി. ക്ക് വോട്ടു ചെയ്യാനാണ് സാധ്യത. അഛൻ അമേരിക്കാ വിരുദ്ധനല്ല; മകൻ തീർത്തും അമേരിക്കാ വിരുദ്ധനാണ്. എന്നാൽ അഴിമതി വിരോധത്തിന്റെ കാര്യത്തിൽ രണ്ടുപേരും ഒറ്റക്കെട്ടാണ്; ഒറ്റക്കെട്ടാണെന്നല്ല, അവരെ നേരിടുക എളുപ്പമല്ല.

ആഗസ്റ്റ് ഏഴാം തിയ്യതി സുപ്രീംകോടതിയിൽ നടന്ന ഒരു നാടകത്തിൽ അഛനും മകനും പങ്കാളികളായിരുന്നു. ഘാസിയാബാദ് പ്രോവിഡന്റ് ഫണ്ട് കുംഭകോണം എന്ന കേസിന്റെ വിചാരണ കോടതിയിൽ നടക്കുകയായിരുന്നു. ഒരു സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയാണ് പ്രോവിഡണ്ട് ഫണ്ട്. ജീവനക്കാർ അവരുടെ ശമ്പളത്തിൽനിന്ന് ഒരു നിശ്ചിത ശതമാനം ഈ ഫണ്ടിൽ നിക്ഷേപിക്കുന്നു; തത്തുല്യമായ ഒരു തുക തൊഴിലുടമയും നിക്ഷേപിക്കണം. ജീവനക്കാരൻ റിട്ടയർ ചെയ്യാറാകുമ്പോഴേക്കും ഇതൊരു വലിയ തുകയാകും. അപ്പോൾ അവർക്ക് അത് ഒന്നിച്ചുവാങ്ങാം. കഴിഞ്ഞ എട്ടു വർഷമായി കോടതിയിലെ ഒരു ജീവനക്കാരൻ ഈ പ്രോവിഡണ്ട് ഫണ്ടിൽ നിന്ന് പണം ചോർത്തി വരികയായിരുന്നുവെന്നാണ് കേസ്. ഇതിന്ന് മൂന്നു ജഡ്ജിമാരുടെ ഒത്താശയുണ്ടായിരുന്നുവെന്നു പറയുന്നു. ഒരു വിജിലൻസ് ഓഫീസർ ഈ കുംഭകോണം പിടികൂടി. പണം ചോർത്തിക്കൊണ്ടിരുന്ന ജീവനക്കാരനെ ചോദ്യം ചെയ്തപ്പോൾ അയാൾ കാര്യമെല്ലാം തുറന്നു പറഞ്ഞു. ഇതുമായി ബന്ധപ്പെടുത്തി. പല ജില്ലാ ജഡ്ജിമാരുടേയും ഹൈക്കോടതി ജഡ്ജിമാരുടേയും പേരു പുറത്തുവന്നു. സുപ്രീംകോടതിയിലുള്ള ഒരു ജഡ്ജിയുടെ പേരും അയാൾ പറഞ്ഞതായി റിപ്പോർട്ടുണ്ട്. ജഡ്ജിമാർക്ക് ഒരു ലക്ഷം രൂപവരെ നൽകാറുണ്ടെന്നു പറയുന്നു. ചിലരുടെ വീടുപണിക്ക് ഇയാളാണ് പണം നൽകിയതെന്ന് ആരോപണമുണ്ട്. ചിലജഡ്ജിമാർക്ക് സെൽഫോൺ, എയർ കണ്ടീഷനർ എന്നിവ സമ്മാനമായി നൽകിയതായി ആക്ഷേപമുണ്ട്. സുപ്രീം കോടതിയിലെ ഒരു ജഡ്ജിയുടെ മകന്റെ കൽക്കത്തയിലുള്ള വീടിന്ന് ഫർണീച്ചർ അയച്ചുകൊടുത്തത് ഇയാളാണെന്നു പറയുന്നു.

സുപ്രീംകോടതിയിൽ ജ: ബി.എൻ. അഗ്രവാളിന്റെ നേതൃത്വത്തിലുള്ള മൂന്നംഗങ്ങളടങ്ങിയ ഒരു ബഞ്ചിലാണ് ഈ കേസിന്റെ വിചാരണ നടന്നു വരുന്നത്.

1930 ൽ അല്ലാഹാബാദ് ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് സർ ഗ്രിംവുഡ് മിയേഴ്സ് സ്വീകരിച്ച ഒരു നടപടി ശാന്തി ഭൂഷൺ കേസിന്റെ വാദത്തിന്നിടയിൽ ചൂണ്ടിക്കാട്ടി. അന്നു നാലു ജഡ്ജിമാർ അഴിമതി കാണിക്കുന്നതായി ചീഫ് ജസ്റ്റീസിന്ന് വിവരം ലഭിച്ചു. ചീഫ് ജസ്റ്റീസ് സി.ഐ.ഡി. ഉദ്യോഗസ്ഥന്മാരെ അന്വേഷണത്തിന്നു നിയോഗിച്ചു. ആരോപണം ശരിയാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞു. ചീഫ് ജസ്റ്റീസ് നാല് ജഡ്ജിമാരെയും കമ്പിയടിച്ചു വരുത്തി. സി.ഐ.ഡി. ശേഖരിച്ച തെളിവുകൾ നാലുപേരുടേയും മുമ്പിൽ വച്ചുകൊടുത്തു. പോംവഴി രണ്ടേ ഉണ്ടായിരുന്നുള്ളൂ. ഒന്നുകിൽ സ്വയം രാജിവച്ച് പോകുക; അല്ലെങ്കിൽ നടപടികൾക്ക് വിധേയരാകുക. നാലു

പേരും രാജിവച്ചുപോയി.

ശാന്തിഭൂഷൺ ഈ സ്ഥിതിവിശേഷത്തെ ഇന്നത്തെ സ്ഥിതിയുമായി താരതമ്യപ്പെടുത്തി. ഇന്ത്യൻ ചീഫ് ജസ്റ്റീസ് സമ്മതിച്ചാലല്ലാതെ ഒരു ജഡ്ജിക്കെതിരായും ഇന്ന് ഒരു നടപടിയുമെടുക്കാനാവില്ല. പ്രോവിഡണ്ട് ഫണ്ട് കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥൻ സുപ്രീം കോടതിയിൽ ചെന്നപ്പോൾ, ജഡ്ജിമാരെപ്പറ്റി അറിയേണ്ട കാര്യങ്ങളടങ്ങിയ ഒരു ചോദ്യാവലി ചീഫ് ജസ്റ്റീസിനു സമർപ്പിക്കാനാണ് രജിസ്ട്രാർ ജനറൽ ആവശ്യപ്പെട്ടതെന്ന് ശാന്തിഭൂഷൺ ചൂണ്ടിക്കാട്ടി. അതുകൊണ്ട് രജിസ്ട്രാർ ജനറലിനെ ഒരു സാക്ഷിയായി സമൺസയച്ചു വരുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഇത് കേട്ടപ്പോൾ ജ: അഗ്രവാളിന്ന് കലികയറി. ശാന്തിഭൂഷൺ നീതിന്യായ സംവിധാനത്തെയാകെ കളങ്കപ്പെടുത്തുകയാണെന്നും ഒരു തെരുവുതെണ്ടിയെപ്പോലെയാണ് വാദിക്കുന്നതെന്നും അദ്ദേഹം ആക്ഷേപിച്ചു. അതുകേട്ടപ്പോൾ കോടതിയിലുണ്ടായിരുന്ന പ്രശാന്ത് ഭൂഷണനും കലികയറി. അഛൻ പറഞ്ഞതിനെ ജഡ്ജി വളച്ചൊടിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഈ വാഗ്വാദം കോടതി നടപടികൾ നിർത്തിവക്കുന്നിടത്തെത്തി.

തന്നെ തെരുവുതെണ്ടിയെന്നു വിളിച്ച ജഡ്ജിയോട് തനിക്ക് വിരോധമൊന്നുമില്ലെന്ന് ശാന്തിഭൂഷൺ പറഞ്ഞു. നിങ്ങൾക്കെന്നെ എന്തുവേണമെങ്കിലും വിളിക്കാം. എന്റെ ആക്ഷേപം അഴിമതിക്കാർക്കെതിരെ ജഡ്ജി നടപടിയെടുക്കുന്നില്ല എന്നതിലാണെന്ന് അദ്ദേഹം പറഞ്ഞു.

"അഛന്റെ വാദത്തെ ജഡ്ജി ദുർവ്യാഖ്യാനം ചെയ്യുകയാണ്. ജ: അഗർവാൾ അലറുകയായിരുന്നു. മദോന്മത്തനെപ്പോലെയാണ് അദ്ദേഹം സംസാരിച്ചത്. ക്ഷമിക്കാവുന്നതിന്നും ഒരതിരുണ്ട്."

എന്ന് പ്രശാന്ത് പറഞ്ഞു.

ജഡ്ജിമാരുടെ അഴിമതിക്കെതിരായ പ്രസ്ഥാനം ഒരു ജനകീയ പ്രസ്ഥാനമായേ തീരൂ. എന്നാലേ ഫലമുണ്ടാവൂ എന്നാണ് പ്രശാന്ത് പറയുന്നത്. ജഡ്ജിമാരുടെ അഴിമതിക്കെതിരായ യുദ്ധം ജയിക്കാൻ രണ്ടുമാർഗ്ഗങ്ങളേയുള്ളൂ. ഒന്ന് ഒരൊറ്റയടിക്ക് തീർക്കുക. അതായത് രഹസ്യമായി ഫിലിം ചെയ്ത് പ്രസിദ്ധീകരിക്കുക; അതല്ലെങ്കിൽ ജനകീയ പ്രസ്ഥാനം വളർത്തുക. രഹസ്യമായി ഫിലിം ചെയ്യാനൊന്നും തങ്ങൾക്കറിയില്ലെന്ന് പ്രശാന്ത് പറഞ്ഞു. അതിനാൽ ജനകീയ പ്രസ്ഥാനം വളർത്തുകയേ നിവൃത്തിയുള്ളൂ.

1990 ൽ ജുഡീഷ്യൽ ഉത്തരവാദിത്വത്തിന്ന് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ചില അഭിഭാഷകരും മുൻജഡ്ജിമാരുമായിരുന്നു അതിലെ അംഗങ്ങൾ. പക്ഷെ അതിനെ വളർത്താനോ വികസിപ്പിക്കാനോ സാധിച്ചില്ല. ജഡ്ജിമാർക്കെതിരെ ഒരു നിലപാട് സ്വീകരിക്കാൻ ഒരു വക്കീലും തയ്യാറായില്ല. അതുകൊണ്ടാണ് 2007 മാർച്ചിൽ ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ചത് എന്ന് പ്രശാന്ത് പറഞ്ഞു.

സംശുദ്ധമായ ജൂഡീഷ്യറി എന്ന കെട്ടുകഥക്ക് അറുതിവരുത്തണമെന്ന് പ്രശാന്ത് പറയുന്നു. വക്കീൽമാർതന്നെ ഇല്ലാത്തൊരു കാലം വരണം. നീതിന്യായ സ്ഥാപനം സുതാര്യവും സത്യസന്ധവുമാകുമ്പോൾ, ആർക്കും സ്വയം കേസ് വാദിക്കാൻ കഴിയുമെന്ന് അദ്ദേഹം കരുതുന്നു.

അഴിമതിക്കുറ്റത്തിന്ന് രണ്ടോ നാലോ ജഡ്ജിമാരെ ജയിലിലടക്കുന്നകാലം നോക്കിയിരിക്കുകയാണ് ശാന്തിഭൂഷൺ. അല്ലെങ്കിൽ ഈ നിതിന്യായ സംവിധാനം തന്നെ വേണ്ടന്നു വയ്ക്കണം. അഴിമതിയിലാണ്ട ഒരു നീതിന്യായ സംവിധാനംകൊണ്ട് ഒരു പ്രയോജനവുമില്ല എന്ന് ശാന്തി ഭൂഷൺ പറയുന്നു. (തെഹൽക) ❑

# ജഡ്ജിമാർക്കും വേണം ചില നിയന്ത്രണങ്ങൾ

ഒരാളും നിയമത്തിനതീതമല്ല. ഒരു സ്ഥാപനവും ഉത്തരവാദിത്വത്തിൽനിന്ന് ഒഴിവാക്കപ്പെടരുത്. നീതിന്യായസ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്. നീതിന്യായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും അവയുടെ കല്പനകൾക്കും ഉത്തരവാദിത്വമുണ്ടാക്കുന്നത് അപ്പീലിന്നും റവ്യൂവിന്നുമുള്ള വ്യവസ്ഥകളാണ്. വഴി പിഴച്ചുപോകുന്ന ജഡ്ജിമാർക്ക് അച്ചടക്കമുണ്ടാക്കാനും അവരുടെ ഗുരുതരമായ പെരുമാറ്റ ദൂഷ്യത്തിന്നും എന്താണൊരു പരിഹാരം? സുപ്രീംകോടതിയിലേയോ ഹൈക്കോടതികളിലേയോ ജഡ്ജിമാരെ പെരുമാറ്റ ദൂഷ്യത്തിന്ന് നീക്കം ചെയ്യാൻ ഇംപീച്ച്മെന്റ് എന്ന സംവിധാനത്തിന്ന് ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. ഇതിന്നിടയിൽ സുപ്രീംകോടതിയിലെ ഒരു ജഡ്ജിക്കെതിരായി മാത്രമേ ഇംപീച്ച്മെന്റ് നടപടി ഉണ്ടായിട്ടുള്ളൂ. കോൺഗ്രസ്സുകാർ വോട്ടു ചെയ്യാതിരുന്നതിനാൽ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിന്റെ പിന്തുണ ലഭിക്കാതെ അത് ചീറ്റിപ്പോകുകയാണുണ്ടായത്. ഇന്നത്തെ ഇംപീച്ച്മെന്റ് നടപടിക്രമം നൂലാമാല പിടിച്ച ഒന്നാണെന്നും വളരെയേറെ സമയമെടുക്കുമെന്നും ഒടുവിൽ എല്ലാം രാഷ്ട്രീയത്തിൽ കുടുങ്ങി വ്യർത്ഥമാകുമെന്നും പൊതുവെ കരുതപ്പെടുന്നു. അതിനാൽ അടിയന്തരമായി മറ്റൊരു പോംവഴി കണ്ടെത്തേണ്ടതുണ്ട്.

ഭരണഘടനയുടെ പ്രവർത്തനം പുനരവലോകനം ചെയ്യാനായി നിയുക്തമായിട്ടുള്ള നാഷനൽ കമ്മീഷൻ ഇതു സംബന്ധിച്ച് നല്ല ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

സുപ്രീം കോടതിയിലേയോ ഹൈക്കോടതിയിലേയോ ജഡ്ജിമാരെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതി ലഭിച്ചാൽ, ഇന്ത്യൻ ചീഫ് ജസ്റ്റീസും സുപ്രീംകോടതിയിലെ ഏറ്റവും സീനിയർമാരായ രണ്ടു ജഡ്ജിമാരുമടങ്ങിയ ഒരു കമ്മിറ്റി അത് പരിശോധിക്കണമെന്നതാണ് നിർദ്ദേശം.

പരാതിയിൽ എന്തെങ്കിലും കാതലുണ്ടോ എന്ന് കമ്മിറ്റി പരിശോധിക്കണം. കാതലുണ്ടെന്നു കണ്ടാൽ, അതിന്റെ വിശദമായ പരിശോധന മൂന്നു ജഡ്ജിമാരടങ്ങിയ ഒരു സ്ഥിരം കമ്മിറ്റിക്കു വിടണം. ഇന്ത്യൻ ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച് രാഷ്ട്രപതിയാണ് ഈ സ്ഥിരം കമ്മിറ്റിയെ നിയമിക്കേണ്ടത്. ഈ മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ട് ചീഫ് ജസ്റ്റീസിന്നു ലഭിച്ചാൽ, സുപ്രീം കോടതിയിലെ ഏഴു സീനിയർ ജഡ്ജിമാരടങ്ങിയ ഒരു കമ്മിറ്റിയുടെ പരിശോധനക്ക് സമർപ്പിക്കണം. അവരത് പരിശോധിച്ച് ശിക്ഷിക്കണമോ, വേണമെങ്കിൽ എന്തു ശിക്ഷ നൽകണം എന്ന് തീരുമാനിക്കണം. ആ തീരുമാനം ബന്ധപ്പെട്ട ജഡ്ജി അനുസരിക്കണം. അനുസരിക്കാത്തപക്ഷം പാർലിമെന്റിന്നു സമർപ്പിക്കണം.

നാഷനൽ കമ്മീഷന്റെ ഈ ശുപാർശകളിൽ ഭേദഗതി വരുത്താൻ കഴിയും. പക്ഷെ മർമ്മ പ്രധാനമായത് കമ്മിറ്റിയുടെ ഘടനയാണ്. അത് ജഡ്ജിമാർ മാത്രം ഉൾപ്പെട്ടതാകണം. മറ്റു പല കമ്മീഷനുകളിലുമെന്നപോലെ ഇതിൽ ഉദ്യോഗസ്ഥരേയോ അനുദ്യോഗസ്ഥരേയോ തിരുകി കയറ്ററുത്. ജൂഡീഷ്യറിക്ക് ഉത്തരവാദിത്വമുണ്ടാക്കാനുള്ള വെമ്പലിന്നിടയിൽ അവരുടെ സ്വാതന്ത്ര്യത്തിന്ന് ഒരിക്കലും ഹാനി വരുത്തരുത്. ❏

# പരാതി കിട്ടിയാലുടൻ കേസ് രജിസ്റ്റർ ചെയ്യണം

**ആ**രെങ്കിലും പോലീസിൽ എന്തെങ്കിലും പരാതി സമർപ്പിക്കുന്നപക്ഷം ഉടൻതന്നെ പ്രഥമവിവര റിപ്പോർട്ട് തയ്യാറാക്കുകയും അതിന്റെ ഒരു കോപ്പി പരാതിക്കാരന് കയ്യോടെ നൽകുകയും വേണമെന്ന് സുപ്രീംകോടതി എല്ലാ സംസ്ഥാനങ്ങളിലേയും പോലീസ് ഡയറക്ടർ ജനറൽമാർക്കും ചീഫ് സെക്രട്ടറിമാർക്കും കൽപന നൽകി.

ഒരാളെ റാഞ്ചിക്കൊണ്ടുപോയതു സംബന്ധിച്ച് പോലീസിൽ പരാതിപ്പെട്ടിട്ടും ഫലമില്ലാതെ വന്നപ്പോൾ അയാൾ സുപ്രീം കോടതിയെ സമീപിച്ചിരുന്നു. സുപ്രീം കോടതി ഇത്തരമൊരു കൽപ്പന പുറപ്പെടുവിക്കുന്നതിനെപ്പറ്റി അഭിപ്രായം ആരാഞ്ഞുകൊണ്ട് പോലീസ് ഡയറക്ടർ ജനറൽമാർക്കും ചീഫ് സെക്രട്ടറിമാർക്കും ജൂലായ് 14ന്ന് കത്തയച്ചിരുന്നു. അരുണാചല പ്രദേശവും മധ്യപ്രദേശവുമൊഴിച്ച് ഒരു സംസ്ഥാനവും മറുപടി നൽകാതിരുന്നതിനാൽ ജ: ബി.എൻ. അഗർവാളും ജ: ജി.എസ്. സിങ്‌വിയുമടങ്ങിയ ബെഞ്ച് മുൻ കൽപ്പന സ്ഥിരപ്പെടുത്തുകയാണുണ്ടായത്.

കേസ് ആഗസ്റ്റ് 8ന്ന് വിചാരണക്കെടുത്തപ്പോൾ, സംസ്ഥാന ഗവർമ്മേണ്ടുകൾ കാണിക്കുന്ന അനാസ്ഥയെ ജ. അഗർവാൾ വിമർശിച്ചു. ഇന്നാട്ടിൽ നിങ്ങൾ എന്തെങ്കിലും പണിയെടുക്കണമെങ്കിൽ പിന്നാലെ മേയ്ക്കാൻ ആളു വേണം. ഇതാണോ രാമരാജ്യം? ഇത് സ്വരാജാണ്; സ്വരാജിനെക്കുറിച്ചുള്ള സങ്കല്പം ഇതാണ് . പോലീസ് ഡയറക്ടർ ജനറൽമാരോ പോലീസ് കമ്മീഷണർമാരോ പോലീസ് സൂപ്രണ്ടുമാരോ ഇതുവരെ ഇതുസംബന്ധിച്ച് പോലീസ് സ്റ്റേഷനുകൾക്ക് ഒരു നിർദ്ദേശവും നൽകിയിട്ടില്ലെന്നത് നിർഭാഗ്യകരമാണ്. ആ സ്ഥിതിക്ക് കോടതിയിൽനിന്ന് ജൂലായ് 14ന്ന് നൽകിയ കൽപ്പന നടപ്പാക്കാൻ ഡയറക്ടർ ജനറൽമാരും ചീഫ് സെക്രട്ടറിമാരും ഉടനെ കൽപ്പന നൽകണം .

പോലീസ് സ്റ്റേഷനിൽ പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്താൽതന്നെ മിക്ക കേസുകളിലും അന്വേഷണം ആരംഭിക്കാറില്ലെന്ന് കോടതി ആക്ഷേപിച്ചു. കോടതി മുമ്പാകെയുള്ള കേസിൽ തട്ടിക്കൊണ്ടുപോകപ്പെട്ട ആളെ കണ്ടുപിടിക്കാനോ ആളെ റാഞ്ചിക്കൊണ്ടു പോയവനെ അറസ്റ്റ് ചെയ്യാനോ ഒന്നും ചെയ്തിട്ടില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. ചിലപ്പോൾ ഏതെങ്കിലും സംസ്ഥാനത്തിലെ ഏതെങ്കിലും ന്യായാധിപൻ ഇത്തരം സാഹചര്യങ്ങളിൽ പരുക്കനായെന്തെങ്കിലും പറഞ്ഞാൽ, പോലീസ് അവരുടെ നേരെ തിരിയുമെന്നും കോടതി ആക്ഷേപിച്ചു.

പരാതി ലഭിച്ചിട്ടും പോലീസ് നടപടിയൊന്നും എടുക്കാതിരുന്നാൽ ചീഫ് ജൂഡീഷ്യൽ മജിസ്ട്രേട്ടിന്ന് കേസെടുക്കാമെന്നും അതല്ലെങ്കിൽ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥന്നെതിരെ നടപടിയെടുക്കുക മാത്രമല്ല, അയാളെ ജയിലിലാക്കുകയും ചെയ്യാമെന്ന് കോടതി കല്പിച്ചു. അതിന്നും പുറമെ മേലധികാരിക്ക് ഫാക്സ് വഴി റിപ്പോർട്ട് നൽകണമെന്നും, അത്തരം റിപ്പോർട്ട് കിട്ടിയാൽ മേലധികാരി പോലീസുകാരനെ സസ്പെൻഡ് ചെയ്യണമെന്നും കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

❑

# അക്വയർ ചെയ്യുന്ന ഭൂമിക്ക് കമ്പോളവില നൽകണം

**- മോഹൻ ഗുരുസ്വാമി -**

**ബ**ംഗാൾ ഒറീസാഗവർമ്മേണ്ടുകളുടെ തോന്നിവാസം മൂലം കാർഷികേതര വികസന പ്രവർത്തനങ്ങൾക്ക് ഭൂമിയെടുക്കുന്ന കാര്യം വലിയൊരു വിവാദ വിഷയമായിട്ടുണ്ട്. ബംഗാളിൽ സിംഗൂരിലും ഒറീസയിൽ കലിംഗ നഗറിലും ടാറ്റാമാർക്കുവേണ്ടി പാവങ്ങളെ പറ്റിക്കുന്ന ഏർപ്പാടാണ് നടന്നത്. പണക്കാരുടെ പണം പിടിച്ചെടുത്ത് പാവങ്ങൾക്ക് നൽകുകയാണ് റോബിൻ ഹുഡ് ചെയ്തിരുന്നതെങ്കിൽ, ഇവിടെ സംഭവവിക്കുന്നത് നേരെ മറിച്ചാണ്. പക്ഷെ ഇത് അസാധാരണമോ പുതിയതോ അല്ല.

ദൽഹി വികസന അഥോറിട്ടിക്കുവേണ്ടി ദൽഹിയിലേയും ചുറ്റുമുള്ള ഗ്രാമങ്ങളിലേയും പാവങ്ങളുടെ ഭൂമിയെല്ലാം അക്വയർ ചെയ്തത് ഔദ്യാഗിക വിലയനുസരിച്ചായിരുന്നു. അന്നു നിലവിലുണ്ടായിരുന്ന കമ്പോളവിലയുടെ ഒരംശം മാത്രമാണ് ഔദ്യോഗിക വിലയായി പാവങ്ങൾക്ക് നൽകിയത്. ഇങ്ങനെ അക്വയർ ചെയ്ത ഭൂമി വികസിപ്പിച്ചാണ് ഉദ്യോഗസ്ഥ പ്രമാണിമാർക്കും ഇടത്തരക്കാർക്കും വീടുണ്ടാക്കാൻ നൽകിയത്. സ്വന്തമായൊരു വീടുണ്ടാക്കാൻ ഒരു കുടുംബത്തിന്ന് അഭിലാഷം തോന്നുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ അവരെ തൃപ്തിപ്പെടുത്താൻ സർക്കാർ വിശ്ചയിക്കുന്ന വിലക്ക് ഗ്രാമീണർ ഭൂമി നൽകണമെന്നു പറയുന്നത് ശരിയല്ല.

ഈ കഥ മറ്റു പല രംഗങ്ങളിലും ആവർത്തിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവർമ്മേണ്ടുകളുടെ ഡെയറികൾ വിതരണം ചെയ്യുന്ന പാലിന്റെ കഥ നോക്കൂ. ഉല്പാദകരിൽനിന്നു വാങ്ങുന്ന പാലിന്റെ വില ഗവർമ്മേണ്ട് കർക്കശമായി നിയന്ത്രിക്കുന്നു. ഗോതമ്പിന്റേയും അരിയുടേയും പഞ്ചസാരയുടേയുമെല്ലാം കഥ ഇതുതന്നെ. ഉള്ളിയുടേയോ പരുത്തിയുടേയോ വില അല്പം ഉയർന്നാൽ, വില കുറയ്ക്കാനായി ഗവർമ്മേണ്ട് ഇറക്കുമതിയാരംഭിക്കും. ഇന്ത്യയിലെ സോഷ്യലിസത്തിന്റെ അർത്ഥം പാവങ്ങളുടെ ചെലവിൽ ഇടത്തരക്കാരെ വളർത്തുക എന്നതായിട്ടുണ്ട്.

നമുക്ക് ഭൂമിക്കാര്യത്തിലേക്കുതന്നെ മടങ്ങുക. ഒരാളുടെ ഉടമസ്ഥതയിലുള്ള ഒരു സാധനം വേറൊരാൾക്ക് ആവശ്യമാണെങ്കിൽ അതിന്ന് കമ്പോളവില നൽകണമെന്നത് തികഞ്ഞ സാമ്പത്തിക നീതിയും സാമൂഹ്യനീതിയുമാണ്. കമ്പോളവിലയാകട്ടെ, ഒരിക്കലും ഗവർമ്മേണ്ടിന്നു നിശ്ചയിക്കാനുമാവില്ല. കമ്പോളവില കമ്പോളംതന്നെ നിശ്ചയിക്കണം. ഇതിന്നർത്ഥം രത്തൻ ടാറ്റാക്ക് നാനോ കാർ നിർമ്മിക്കുന്നതിന്ന് സിംഗൂരിൽ ഭൂമിവേണമെങ്കിൽ അദ്ദേഹം തന്നെ അതു വാങ്ങണം; സിംഗൂരിലെ ഗ്രാമീണർക്ക് തിരസ്കരിക്കാനാകാത്ത ഒരു വില നൽകാൻ അദ്ദേഹം തയ്യാറാകണം. എന്നാൽ ടാറ്റ ചെയ്തതെന്താണ്? തന്റെ പദ്ധതി അദ്ദേഹം സംസ്ഥാനങ്ങളുടെ മുന്നിൽ ലേലത്തിന്നുവച്ചു. ഭൂമിവില, നികുതി തുടങ്ങിയ കാര്യങ്ങളിൽ ഏറ്റവുമധികം സൗജന്യം നൽകുന്നിടത്ത് പദ്ധതി സ്ഥാപിക്കുമെന്നു പറഞ്ഞു. ഇത്

തെറ്റാണ്. ഇത് നല്ല ബിസിനസ്സാകാം; എന്നാൽ ചീത്ത രാഷ്ട്രീയമാണ്. പിടിച്ചുപറിക്കാരുടെ സ്വത്തെല്ലാം പിടിച്ചെടുക്കണമെന്ന് എല്ലാവേദികളിലുംനിന്ന് ആണയിടുന്ന നമ്മുടെ കമ്യൂണിസ്റ്റ് സുഹൃത്തുക്കൾ ഇന്ത്യയിലെ ഏറ്റവും വലിയ മുതലാളിക്കുവേണ്ടി സ്വയം പിടിച്ചു പറിക്കാരായിനിന്നുകൊടുത്തു. ഇത് തെറ്റായ മാർക്സിസം മാത്രമല്ല, തെറ്റായ മുതലാളിത്തവുമാണ്.

പരിവർത്തന ദശയിലുള്ള സമ്പദ് വ്യവസ്ഥകളിൽ ഭൂമിയുടെ ഉപയോഗ രീതിയിൽ മാറ്റം ആവശ്യമായി വരും. വ്യവസായ കേന്ദ്രങ്ങൾ, റെയിൽവേകൾ, ഹൈവേകൾ എന്നിവയുടെ അടുത്തുള്ള ഭൂമിക്കാര്യത്തിൽ പ്രത്യേകിച്ചും മാറ്റം വേണ്ടിവരും. ഇന്ത്യയിലേത് പരിവർത്തന ദശയിലുള്ള ഒരു സമ്പദ് വ്യവസ്ഥയാണ്. 1950 കളിലെ ഇന്ത്യയിലെ മൊത്തം ഉല്പാദനത്തിന്റെ മുന്നിൽ രണ്ടു ഭാഗവും കൃഷിയിൽ നിന്നായിരുന്നു; ഇന്നാകട്ടെ, അത് അഞ്ചിലൊന്നിലും താഴെയാണ്. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. നമ്മളിവിടെ പറയുന്നത് പരിവർത്തന ദശയിലുള്ള സമ്പദ് വ്യവസ്ഥയെക്കുറിച്ചാണ്; പരിവർത്തന ദശയിലുള്ള സമൂഹത്തെക്കുറിച്ചല്ല. കാരണം, ഖേദകരമെന്നുപറയട്ടെ, ജനങ്ങളിൽ അറുപതു ശതമാനത്തിൽ കൂടുതൽ ഇന്നും ഉപജീവനത്തിന്നായി കൃഷിയെയാണ് ആശ്രയിക്കുന്നത്. ഒരു കൃഷിത്തോട്ടത്തിന്റെ ശരാശരി വിസ്തീർണ്ണം 1.15 ഹെക്ടർമാത്രമാണ് ഭൂവടമകളിൽ 67 ശതമാനവും തുണ്ടുഭൂമികൾ മാത്രം കൈവശമുള്ളവരാണ്. ഇതിന്റെ ശരാശരി വിസ്തീർണ്ണം 0.40 ഹൈക്ടർ മാത്രമാണ്. വ്യവസായവൽക്കരണത്തിന്നും നഗരവൽക്കരണത്തിന്നുമായി സർക്കാർ പിടിച്ചെടുക്കുന്നത് ആ പാവങ്ങളുടെ ഭൂമിയാണുതാനും.

വ്യവസായവൽക്കരണത്തിന്നും നഗരവൽക്കരണത്തിന്നും ഭൂമി നൽകാൻ കഴിയാത്ത പക്ഷം സാമ്പത്തിക വളർച്ചയും പരിവർത്തനവും ഏറെക്കുറെ അസാധ്യമാകുമെന്നത് ശരിതന്നെ. നമ്മുടെ സമൂഹത്തിന്റെ പരിവർത്തനത്തിന്ന് ഭൂമി അക്വയർ ചെയ്യേണ്ടിവരും. അങ്ങനെ ഭൂമിയെടുക്കുന്നത് ഭൂമിയുടെ കമ്പോളമൂല്യം നോക്കിയാകണം; സാമ്പത്തികമൂല്യം നോക്കിയിട്ടായാൽ പോരാ. സാമ്പത്തികമൂല്യം നിശ്ചയിക്കുന്നതുകൊണ്ട് നേട്ടമുണ്ടാകുന്നത് മുതലാളിക്കും സർക്കാരിന്നുമാണ്. കാരണം കൃഷിയിൽനിന്നുള്ള വരുമാനം കുറവാണല്ലോ. കമ്പോളമൂല്യം കണക്കാക്കുമ്പോൾ, ആ ഭൂമിക്ക് ഭാവിയിൽ കിട്ടാവുന്ന മൂല്യം കണക്കാക്കും. ഭൂമി വിൽക്കുന്ന ആൾക്ക് ഭൂമിയിൽ ഒരു സ്ഥിരാവകാശമുണ്ടാക്കാൻ അപ്പോൾ കഴിയും. അതായത്, നാളെ ആ ഭൂമി കൂടിയ വിലക്ക് കൈമാറ്റം ചെയ്തുവെങ്കിൽ, ആ അധിക വിലയുടെ ഒരംശം ഭൂമിയുടെ പഴയ ഉടമസ്ഥന്ന് വന്നുചേരും.

ഒരു പൊതു ആവശ്യത്തിന്നുഭൂമി വേണ്ടിവരുമ്പോൾ ആ ഭൂമി വിൽക്കാൻ ഒരാൾക്ക് വിസമ്മതിക്കാവുന്നതാണോ? തീർച്ചയായും ഇല്ല. സമൂഹത്തിന്റെ ആവശ്യം വ്യക്തികളുടെ ആവശ്യങ്ങൾക്കുപരിയാണ്. പൊതു ആവശ്യത്തിന്നൊരു ഭൂമി വേണ്ടിവന്നാൽ യഥാർത്ഥ കമ്പോളവില നൽകാത്ത സാഹചര്യത്തിൽ മാത്രമേ അകിസിഷൻ തടയാൻ കഴിയൂ. സർക്കാരിന്നാണ് ഭൂമി ആവശ്യമായി വരുന്നതെങ്കിൽ സർക്കാരും കമ്പോള വില നൽകുകതന്നെ വേണം. എന്നാൽ നമ്മുടെ മുതലാളിമാരും കപട സോഷ്യലിസ്റ്റുകളും ഇതിന്നു തയ്യാറാവില്ല. അതുകൊണ്ടാണ് ഏറ്റുവും നല്ല പോംവഴി അതാണെന്നു പറയുന്നത്. ❏

# മദ്യവിരുദ്ധ പ്രവർത്തകനെ തല്ലി കൊന്നു

- സാൻജന -

2008 ജൂലായ് 21. ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ കൺവീനറും കർണാടകരാജ്യ മദ്യപാന വിരുദ്ധ ആന്ദോളന സമിതിയുടെ പ്രസിഡണ്ടുമായ എ.ടി. ബാബു രണ്ടു സഹ പ്രവർത്തകരോടൊപ്പം ചില യോഗങ്ങളിൽ പങ്കെടുക്കാൻ പോകുന്നു. ബാംഗ്ലൂരിൽനിന്ന് ഏതാണ്ട് 30 കിലോമീറ്റർ എത്തിയപ്പോൾ ചിലർ ബൈക്കിൽവന്ന് വഴി മുടക്കി. ബാബുവിന്ന് എന്തെങ്കിലും പറയാനോ ചെയ്യാനോ സമയം കിട്ടിയില്ല. നീലനിറത്തിലുള്ള ഒരു സ്കോർപിയോ വന്നുനിന്നു. അതിൽ നിന്നിറങ്ങിയവർ ബാബുവിനെ വെട്ടി കൊന്ന് സ്ഥലം വിട്ടു.

രണ്ടുമാസം മുമ്പ് ഝാർഖണ്ഡിൽ തൊഴിലവകാശ പദ്ധതി പ്രകാരമുള്ള സോഷ്യൽ ഓഡിറ്റിങ് നടത്തിയ ലളിതകുമാർ മേത്തയുടെ വധത്തിന്റെ ഒരാവർത്തനമെന്ന് ഇതിനെ വിശേഷിപ്പിക്കാം. 1997 മുതൽ ബാബു കർണാടകത്തിലെ മദ്യ ലോബിക്കെതിരെ സന്ധിയില്ലാത്ത പോരാട്ടം നടത്തിവരികയായിരുന്നു. ബാംഗ്ലൂരിലെ പ്രമാണിയായ ഒരു രാഷ്ട്രീയക്കാരന്റെ ബാറിന്നെതിരായി നടന്നുവരുന്ന സമരമാണ് ബാബുവിന്റെ വധത്തിന്നിടയാക്കിയ കാരണമെന്ന് കരുതപ്പെടുന്നു. കർണാടകത്തിലെങ്ങുമുള്ള അനധികൃത ഷാപ്പുകൾക്കും ബാറുകൾക്കുമെതിരെ ബാബുവിന്റെ നേതൃത്വത്തിലുള്ള സംഘടന സമരം നടത്തിവരികയായിരുന്നു.

ഈ വധം നാട്ടിലെങ്ങുമുണ്ടാക്കിയ പ്രതിഷേധത്തെ തുടർന്ന് മുഖ്യമന്ത്രി യെഡ്ഡിയൂരപ്പ ഒരു ഉന്നതതല അന്വേഷണത്തിന്ന് കല്പന നൽകിയിട്ടുണ്ട്. അഡീഷനൽ ഡയറക്ടർ ജനറൽ എ.



എ.ടി. ബാബു

ആർ. ഇൻഫന്റ് അന്വേഷണത്തിന്ന് നേതൃത്വം നൽകും.

2007 ജൂലായിയിൽ അന്നു ധനകാര്യ മന്ത്രിയായിരുന്ന യെഡ്ഡിയൂരപ്പ ചാരായ വില്പന നിരോധിച്ചിരുന്നു. ചാരായ നിരോധനം മൂലമുണ്ടാകുന്ന നഷ്ടം ഗവർമ്മേണ്ട് സഹിക്കുമെന്നും ജനങ്ങളുടെ ആരോഗ്യമാണ് പ്രധാനമെന്നും മറ്റും യെഡ്ഡിയൂരപ്പ അന്നു പറയുകയുണ്ടായി. പക്ഷെ രണ്ടും സംഭവിച്ചില്ല. ചാരായ വില്പന നിരോധിച്ചതുകൊണ്ട് ഖജനാവിന്ന് ഒരു രൂപയുടെ നഷ്ടം സംഭവിച്ചിട്ടില്ലെന്ന് ഇക്കൊല്ലത്തെ ബഡ്ജറ്റ് വ്യക്തമാക്കുന്നു. ചാരായം കുടിച്ചിരുന്നവർ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിലേക്ക് മാറി. അതിനാണെങ്കിൽ ഇരട്ടി വില കൊടുക്കണം. നിയമവിധേയമായ ചാരായം വിൽപ്പന നിർത്തിയപ്പോൾ, വ്യാജമദ്യം പ്രചരണത്തിൽ വന്നു. കഴിഞ്ഞ മേയിൽ 162

# മായാലോകത്തിൽ വിഹരിക്കുന്ന ഇന്ത്യൻ മാധ്യമങ്ങൾ

**- മാർക്കാണ്ഡേയ കാട്ജു -**

**ഇ**ക്കാലത്ത് നാം ടെലിവിഷനിൽ കാണുന്നതെന്താണ്? ചില ചാനലുകൾ സിനിമാതാരങ്ങളെ അവതരിപ്പിക്കുന്നു; ചിലതിൽ പോപ്പ് സംഗീതമാണെങ്കിൽ മറ്റു ചിലതിൽ ഡിസ്ക്കോ ഡാൻസാണ്. ഫാഷൻ പരേഡുകളും കാണാം. മിക്കപ്പോഴും പേരിന്നുമാത്രം വസ്ത്രം ധരിച്ച യുവതികളാകും. അതുമല്ലെങ്കിൽ ജോതിഷമോ ക്രിക്കറ്റോ ആകാം. ഇതിനൊക്കെവേണ്ടി ഇത്രമാത്രം പണവും സമയവും ചെലവഴിക്കുന്നുവെന്നത് ക്രൂരമായൊരു വിരോധാഭാസമല്ലേ? ഇന്ത്യയിലെ ജനങ്ങളെ അവഹേളിക്കലല്ലേ? ഇന്ത്യയിലെ ബഹുജനങ്ങൾക്ക് ക്രിക്കറ്റുമായോ സിനിമാ താരങ്ങളുമായോ ഫാഷൻ പരേഡുമായോ

➡

---

പേരാണ് വ്യാജമദ്യം കുടിച്ച് മരിച്ചത്. ബാംഗ്ലൂരിലെ ചേരികളിലെന്നല്ല, ഗ്രാമീണ പ്രദേശങ്ങളിൽ പോലും വ്യാജമദ്യത്തിന്റെ പാക്കറ്റുകൾ സുലഭമാണിപ്പോൾ. എക്സൈസുകാർ കണ്ണടക്കുന്നതിനാൽ ബാംഗ്ലൂരിനടുത്തുള്ള കോലാർ, അനേക്കർ തുടങ്ങിയ പ്രദേശങ്ങളിൽ വ്യാജമദ്യ നിർമ്മാണം കുടിൽ വ്യവസായമായി മാറിയിട്ടുണ്ട്. ഇത് കർണാടകത്തിൽ മാത്രമല്ല, തമിഴ്നാട്ടിലും വിൽക്കപ്പെടുന്നുണ്ട്. ചാരായ നിരോധനം നന്ന്; പക്ഷെ അതൊടൊപ്പം ഇന്ത്യൻ നിർമ്മിത വിദേശമദ്യം കൂടി നിരോധിക്കാത്ത പക്ഷം ചാരായ നിരോധനം ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുക എന്നതായിരുന്നു ബാബുവിന്റേയും സഹപ്രവർത്തകരുടേയും വാദം.

ചാരായം നിരോധിച്ചുവെങ്കിലും പുതുതായി ആയിരം വീഞ്ഞുകടകളും 500 ബാറുകളും അനുവദിക്കാൻ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുമാത്രമല്ല, ഒരു വീഞ്ഞുകടക്ക് 50,000 രൂപ ലൈസൻസ് ഫീ നൽകണമെന്നത് 5,000 എന്നാക്കി കുറക്കുകയും ചെയ്തിരിക്കുന്നു. മദ്യലോബിയുടെ വിജയം.

ഇതൊരു ധാർമ്മിക പ്രശ്നമല്ല. കുടിക്കണമെന്നുള്ളവർ കുടിച്ചോട്ടെ. ജനജീവിതത്തിന്റെ സാമൂഹ്യ-സാമ്പത്തിക വശങ്ങളാണ് പ്രശ്നം. ഗവർമ്മേണ്ട് വല്ലതുമൊക്കെ ചെയ്തുവെന്നുവരാം. പക്ഷെ ചാരായ നിരോധനംകൊണ്ട് ഗുണം കിട്ടുന്നത് മദ്യലോബിക്കാണ്. സാധാരണ പൗരന്ന് കിട്ടുന്നതിലുമെത്രയോ മെച്ചം മദ്യലോബിക്ക് കിട്ടും. പുതിയ ബാറുകളും വീഞ്ഞുകടകളും തുറക്കാനും ലൈസൻസ് ഫീസ് കുറക്കാനുമുള്ള ഇക്കൊല്ലത്തെ ബഡ്ജറ്റിലെ നിർദ്ദേശം പോലും മദ്യലോബിക്കുവേണ്ടിയുള്ളതാണ് എന്നാണ് നിയമാവകാശ വക്താവും ഓൾട്ടർനേറ്റീവ് ലോ ഫോറത്തിലെ അംഗവുമായ ക്ലിഫിട്ടൺ ഡിറെസാറിയോ പറയുന്നത്.

ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ അഖിലേന്ത്യാ കൺവീനറായ മേധാപട്കറുടെ നേതൃത്വത്തിലുള്ള ഒരു പ്രതിനിധി സംഘം ജൂലായ് 24ന്ന് മുഖ്യമന്ത്രി യെഡ്ഡിയൂരപ്പയെ സന്ദർശിച്ച് ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. എല്ലാം ശരിയാക്കാമെന്ന് അദ്ദേഹം ഉറപ്പു നൽകിയെങ്കിലും നിവേദന പത്രിക അദ്ദേഹം വായിച്ചുവോ എന്ന കാര്യംതന്നെ സംശയത്തിലാണ്. ❑

എന്തു ബന്ധമാണുള്ളത്? ഇന്ത്യയിലെ മാധ്യമങ്ങൾ ഏറെക്കുറെ നിരുത്തരവാദപരമായാണ് പ്രവർത്തിക്കുന്നത്. ദാരിദ്ര്യത്തിന്നും തൊഴിലില്ലായ്മക്കും മറ്റു സാമൂഹ്യ തിന്മകൾക്കുമെതിരായ പോരാട്ടങ്ങളിൽ ജനങ്ങളെ സഹായിക്കേണ്ടവരായ മാധ്യമങ്ങളാണ് ഇങ്ങനെ പ്രവർത്തിക്കുന്നത്. ചരിത്രപരമായി പറഞ്ഞാൽ നാടുവാഴിത്ത മർദ്ദനത്തിന്നെതിരായ ജനങ്ങളുടെ ആയുധമായിട്ടാണ് പത്രങ്ങൾ ജന്മം കൊണ്ടത്. യൂറോപ്പിൽ നാടുവാഴിത്ത സമൂഹത്തെ ഒരാധുനിക സമൂഹമാക്കി മാറ്റുന്നതിൽ മാധ്യമങ്ങൾ വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. അമേരിക്കൻ ഫ്രഞ്ച് വിപ്ലവങ്ങൾക്ക് ജനങ്ങളെ ഒരുക്കുന്നതിലും വിപ്ലവ കാലഘട്ടത്തിലും പത്രങ്ങൾ വഹിച്ച പങ്ക് എല്ലാവർക്കും അറിവുള്ളതാണ്. ബ്രിട്ടനിലും അതുതന്നെയായിരുന്നു കഥ. അന്ന് ആകെയുണ്ടായിരുന്ന മാധ്യമം പത്രങ്ങളായിരുന്നു. റൂസോ, വോൾട്ടയർ, തോമസ് പെയിൻ, ജൂനിയസ്, ജോൺ വിൽക്കീസ് എന്നിവരെപ്പോലെയുള്ള എഴുത്തുകാർ ഈ മാധ്യമങ്ങളെയാണ് ഉപയോഗപ്പെടുത്തിയത്. അമേരിക്കൻ വിപ്ലവകാലത്ത് തോമസ് പെയിനിന്റെ വിവേകം എന്ന ലഘു ലേഖ ഉണർത്തിവിട്ട ആവേശത്തെപ്പറ്റി നമുക്കറിയാം. ഇംഗ്ലണ്ടിൽ ജോർജ് മൂന്നാമന്റെ സ്വേഛാഭരണ കാലഘട്ടത്തിൽ ജൂനിയസിന്റെ കത്തുകൾ ഉണ്ടാക്കിയ ഉണർവ്വിനെപ്പറ്റിയും നമുക്കറിയാം.

അക്കാലത്ത് പത്രങ്ങൾ ജനങ്ങളുടെ കൈകളിലെ ഉഗ്രമായ ആയുധങ്ങളായിരുന്നു. യൂറോപ്പിലും അമേരിക്കയിലും സുസ്ഥാപിതമായ മാധ്യമങ്ങൾ നാടുവാഴികളുടേയും സ്വേഛാധിപതിമാരുടേയും കൈകളിലായിരുന്നു. സമൂഹത്തിലെ യഥാതഥാവസ്ഥ നിലനിർത്താൻ അവ വെമ്പിയപ്പോൾ ഭാവിയുടെ ശബ്ദമായി വർത്തിച്ചത് പത്രങ്ങളായിരുന്നു. ഇരുപതാം നൂറ്റാണ്ടിൽ മറ്റു തരം മാധ്യമങ്ങൾ രംഗത്തുവന്നിട്ടുണ്ട്. അപ്പോൾ മാധ്യമങ്ങളുടെ പങ്ക് എന്തായിരിക്കണം? ഇന്നത്തെ ഈ ചോദ്യം അതിപ്രധാനമാണ്.

എനിക്കുതോന്നുന്നത്, ഇന്ത്യയെപ്പോലെയുള്ള അല്പവികസിത രാജ്യങ്ങളിൽ പിന്തിരിപ്പൻ ആശയങ്ങൾക്കെതിരെ പോരാടുന്നതിൽ മാധ്യമങ്ങൾക്ക് വലിയൊരു പങ്കാണുള്ളത്. ജാതീയത, വർഗീയത തുടങ്ങിയവക്കെതിരായും ദാരിദ്ര്യംപോലുള്ള സാമൂഹ്യ തിന്മകൾക്കറുതിവരുത്താനുമുള്ള ജനങ്ങളുടെ പോരാട്ടത്തിൽ മാധ്യമങ്ങൾക്ക് വലിയ ഉത്തരവാദിത്വമാണുള്ളത്. ജനങ്ങളിൽ വലിയൊരു ഭാഗം പിന്നണിയിൽ കിടക്കുന്നവരും അജ്ഞരുമാകയാൽ, ആധുനികാശയങ്ങൾ അവർക്കെത്തിച്ചുകൊടുത്ത് അവരെ ഉദ്ബുദ്ധ ഇന്ത്യയുടെ ഭാഗമാക്കി മാറ്റേണ്ട ഉത്തരവാദിത്വംകൂടി മാധ്യമങ്ങൾക്കുണ്ട്.

ഇന്ത്യയെപ്പോലെയുള്ള അല്പവികസിത രാജ്യങ്ങൾ നാടുവാഴിത്ത സമൂഹത്തിൽനിന്ന് ഒരാധുനിക വ്യാവസായിക സമൂഹത്തിലേക്കുള്ള പരിവർത്തന ഘട്ടത്തിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുകയാണ്. വേദനാജനകമായൊരു ഘട്ടമാണിത്. ഇംഗ്ലണ്ടിന്റെ 17 – 18 നൂറ്റാണ്ടുകളിലൂടേയും ഫ്രാൻസിന്റെ 18–19 നുറ്റാണ്ടുകളിലടേയും ഒന്നു കണ്ണോടിച്ചാൽ ഈ പരിവർത്തനഘട്ടം എത്രമാത്രം വേദനാജനകവും അസ്വസ്ഥപൂർണ്ണവുമായിരുന്നെന്നു മനസ്സിലാക്കാം. ഈ അഗ്നി പരീക്ഷ തരണം ചെയ്താണ് ആധുനിക യൂറോപ്പ് രൂപം കൊണ്ടത്. ഇന്ത്യയാകട്ടെ ഇപ്പോഴാണ് ഈ അഗ്നി പരീക്ഷയെ നേരിടുന്നത്. അനിവാര്യമായ വേദനയെ കഴിയുന്നത്ര കുറയ്ക്കാനും പരിവർത്തന ഘട്ടത്തെ കഴിയും വേഗം തരണം ചെയ്യാനുമായിരിക്കണം നമ്മുടെ ശ്രമം. ഇന്ത്യയെ പ്രബലമായ ഒരാധുനിക വ്യവസായ വൽകൃത രാജ്യ

മാക്കലായിരിക്കണം നമ്മുടെ ലക്ഷ്യം. അപ്പോൾ മാത്രമേ ജനങ്ങൾക്ക് ക്ഷേമം കൈവരുത്താനും, ലോകരാഷ്ട്ര സമൂഹത്തിൽ ഇന്ത്യ ആദരിക്കപ്പെടാനും ഇടവരൂ.

ഇന്നത്തെ യഥാർത്ഥ ലോകം വളരെ പരുക്കനും ക്രൂരവുമാണ്. ദാരിദ്ര്യത്തേയോ ദൗർബ്ബല്യത്തേയോ അല്ല, കയ്യൂക്കിനെ മാത്രമാണീലോകം മാനിക്കുന്നത്. ചീനയും ജപ്പാനും ദരിദ്ര രാജ്യങ്ങളായിരുന്നപ്പോൾ അന്നാട്ടുകാരെ മഞ്ഞ വർഗ്ഗക്കാരെന്നാണ് പാശ്ചാത്യർ വിളിച്ചിരുന്നത്. ഇന്നാരും അവരെ അങ്ങനെ വിളിക്കാൻ ധൈര്യപ്പെടുകയില്ല. കാരണം വ്യാവസായികമായി അവർ പ്രബലരായിക്കഴിഞ്ഞു. അതുപോലെ ലോകം നമ്മെ ബഹുമാനിക്കണമെങ്കിൽ ഇന്ത്യയും വ്യവസായവൽകൃതവും സമ്പദ്സമൃദ്ധവുമായ ഒരു രാജ്യമാകണം. ഇതിന്ന് ദേശാഭിമാനികളും ആധുനിക മനസ്കരുമായ ബുദ്ധിജീവികൾ ആശയങ്ങളുടേതായ തലത്തിൽ പ്രബലമായ ഒരു സാംസ്കാരിക സമരം നടത്തണം. ജാതീയത വർഗ്ഗീയത തുടങ്ങിയ പിൻതിരിപ്പൻ ആശയങ്ങളേയും നാടുവാഴിത്ത മനോഭാവത്തേയും ചെറുക്കുന്നതും പകരം ജനങ്ങൾക്കിടയിൽ ആധുനികാശയങ്ങൾ പ്രചരിപ്പിക്കുന്നതുമായിരിക്കണം ഈ സാംസ്കാരിക യുദ്ധം.

ഇന്നത്തെ ഇന്ത്യയിൽ ബഹുജന യാഥാർത്ഥ്യവും മാധ്യമങ്ങളും തമ്മിലുള്ള ബന്ധം തീർത്തും അറ്റുപോയിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുന്ന 70 ശതമാനം ജനങ്ങളടങ്ങിയതാണ് ഇന്ത്യയിലെ ബഹുജന യാഥാർത്ഥ്യം. ഇവർ കഴിഞ്ഞ നാലു ദശാബ്ദങ്ങൾക്കിടയിലുണ്ടായ ഏറ്റവും കടുത്ത പ്രതിസന്ധിയുടെ നടുവിലാണ്. കഴിഞ്ഞ 15 വർഷങ്ങൾക്കിടയിൽ ലക്ഷക്കണക്കിന്ന് ഗ്രാമീണരുടെ ഉപജീവന മാർഗ്ഗം മുട്ടിപ്പോയിരിക്കുന്നു. കണ്ടതിനെയെല്ലാം വിഴുങ്ങുന്ന വാണിജ്യവൽക്കരണത്തിന്റേയും എല്ലാ മാനുഷിക മൂല്യങ്ങളേയും രൂപ-പൈസ കണക്കിലാക്കിയതിന്റേയും ഫലമാണിത്. തൽഫലമായി ഒട്ടേറെ കർഷകർ ആത്മഹത്യ ചെയ്തു; ലക്ഷക്കണക്കിന്ന് ഗ്രാമീണർ പട്ടണങ്ങളിൽ ഇല്ലാത്ത ജോലിയും തേടി നാടുവിട്ടു. ഇവരിപ്പോൾ കർഷകരുമല്ല, തൊഴിലാളികളുമല്ല. ചിലർ വയറ്റുപിഴപ്പിന്നായി വീട്ടുജോലികൾ നോക്കുന്നു; മറ്റുള്ളവർ ക്രിമിനലുകളായി മാറുന്നു.

നമ്മളിപ്പോൾ കമ്പനി കൃഷികളിലേക്ക് തള്ളിമാറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. കൃഷിപ്പണി കർഷകരിൽ നിന്നെടുത്ത് കമ്പനികൾക്ക് നൽകുന്നു. ഇതിന്നായി തോക്കോ ടാങ്കോ ബുൾഡോസറോ ലാത്തിയോ ഒന്നും ഉപയോഗിക്കുന്നില്ല. കൊച്ചു കൃഷിക്കാർക്ക് തൊഴിൽ ആദായകരമല്ലാതാക്കുകയാണ് ചെയ്യുന്നത്. വിത്തിന്നും വളത്തിന്നുമെല്ലാം താങ്ങാനാകാത്ത വിലയും കൃഷി ചെയ്തുണ്ടാക്കുന്ന ഉല്പന്നത്തിന്ന് വിലയില്ലാതാക്കുകയും മാത്രമാണ് ചെയ്യുന്നത്.

കോടീശ്വരന്മാരുടെ പട്ടികയിൽ ഇന്ത്യക്ക് നാലാം സ്ഥാനമുണ്ട്; മനുഷ്യവികസന സൂചികയിൽ 126-ാം സ്ഥാനവും ഇന്ത്യയിലെ ദരിദ്രനേക്കാൾ ഭേദമാണ് ബോളീവിയയിലെ ദരിദ്രൻ എന്നർത്ഥം. (ലാറ്റിനമേരിക്കയിലെ ഏറ്റവും ദരിദ്ര രാജ്യമാണ് ബോളീവിയ) ഇന്ത്യയിലെ 110 കോടി ജനങ്ങളിൽ 83.6 കോടി പേർ ദിവസത്തിൽ 20 രൂപ പോലും സമ്പാദ്യമില്ലാത്തവരാണ്. ബോളീവിയയിലോ കസാക്കിസ്ഥാനിലോ മംഗോളിയയിലോ ഉള്ളവരേക്കാൾ കുറഞ്ഞ ആയുർദൈർഘ്യ പ്രതീക്ഷയുള്ളവരാണ് ഇന്ത്യക്കാർ. ഗവർമ്മേണ്ടിന്റെ നാഷണൽ സാമ്പിൾ

സർവ്വേ പ്രകാരം ഇന്ത്യൻ കർഷക കുടുംബത്തിലെ ആളോഹരി പ്രതിമാസ ചെലവ് 503 രൂപയാണ്. ഇതിൽ 55 ശതമാനം ഭക്ഷണത്തിന്നും 18 ശതമാനം ഇന്ധനത്തിന്നും ചെലവാകുന്നു. വിദ്യാഭ്യാസത്തിന്നോ ആരോഗ്യത്തിന്നോ പിന്നെ പ്രത്യേകിച്ചൊന്നും നീക്കിവയ്ക്കാനുണ്ടാവില്ല.

ലക്മെ ഇന്ത്യാ ഫാഷൻ വാരം റിപ്പോർട്ട് ചെയ്യാൻ അക്രഡിറ്റേഷനുള്ള 512 ജർണലിസ്റ്റുകളുണ്ടായിരുന്നു. എന്നാൽ വിദർഭയിലെ കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാനുണ്ടായിരുന്നത് വെറും ആറു ജർണലിസ്റ്റുകളായിരുന്നു. ഫാഷൻ വാരത്തിൽ മോഡലുകൾ മനോഹരമായ പരുത്തിത്തുണികൾ പ്രദർശിപ്പിക്കുമ്പോൾ നാഗപ്പുരിൽനിന്ന് ഒരുമണിക്കൂർകൊണ്ട് പറന്നെത്താവുന്ന ദൂരത്തിൽ, വിദർഭയിൽ, പരുത്തി കർഷകർ ആത്മഹത്യ ചെയ്യുകയായിരുന്നു. അതു ചൂണ്ടിക്കാട്ടാൻ തദ്ദേശികളായ ഒന്നോ രണ്ടോ ജർണലിസ്റ്റുകളേ ഉണ്ടായിരുന്നുള്ളൂ. ഇതാണോ ഉത്തരവാദപ്പെട്ട ജർണലിസം? ജനങ്ങളിൽ 75 ശതമാനത്തേയും അഭിമുഖീകരിക്കുന്ന സാമ്പത്തിക യാഥാർത്ഥ്യങ്ങളുടെ നേരെ അവർക്കെങ്ങനെ കണ്ണടക്കാൻ കഴിയുന്നു? റൊട്ടിയില്ലെങ്കിൽ കേക്ക് തിന്നാൻ ഉപദേശിച്ച രാജ്ഞിയെപ്പോലെയല്ലേ പത്രക്കാർ പെരുമാറുന്നത്?

മാധ്യമങ്ങൾ ചിലപ്പോഴെല്ലാം മഹാരാഷ്ട്രത്തിലെ കർഷക ആത്മഹത്യകളെപ്പറ്റി റിപ്പോർട്ട് ചെയ്യാറുണ്ടെന്നത് ശരിതന്നെ. അവശ്യവസ്തുക്കളുടെ വില വർധനയെപ്പറ്റിയും റിപ്പോർട്ടുകൾ വരാറുണ്ട്. പക്ഷെ അതവരുടെ റിപ്പോർട്ടിങ്ങിന്റെ അഞ്ചോ പത്തോ ശതമാനത്തിലേറെ വരാറില്ല. മാധ്യമ റിപ്പോർട്ടിങ്ങിലധികവും ക്രിക്കറ്റും സിനിമാ താരങ്ങളും പോപ്പ് സംഗീതവും ഫാഷൻ പരേഡും അപഹരിക്കും. അടിസ്ഥാനപരമായും സാമ്പത്തികമായ പ്രശ്നങ്ങളിൽനിന്ന് അപ്രസക്തമായ കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിച്ചുവിടാനല്ലേ ഇതു സഹായിക്കുന്നത്.

ചില ടെലിവിഷൻ ചാനലുകൾ രാവും പകലും ക്രിക്കറ്റ് പ്രദർശിപ്പിക്കുന്നു. ഇന്ത്യയിൽ ക്രിക്കറ്റ് വാസ്തവത്തിൽ മയക്കുമരുന്നാണ്. ജനങ്ങൾക്ക് ഭക്ഷണം നൽകാനില്ലെങ്കിൽ, അവർക്ക് സർക്കസ് കാണിച്ചുകൊടുക്കാൻ റോമ ചക്രവർത്തിമാർ പറയാറുണ്ട്. ഇതേ സമീപനം തന്നെയാണ് ഇന്ത്യയിലെ ഭരാണാധികാരികളും അനുവർത്തിക്കുന്നത്. സാമ്പത്തികവും സാമൂഹികവുമായ ദുരിതങ്ങളിൽനിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാൻ ക്രിക്കറ്റ് കാണിക്കുന്നു. ഇവിടെ പ്രധാനം വില വർധനയല്ല, തൊഴിലില്ലായ്മയല്ല. ദാരിദ്ര്യമല്ല, പാർപ്പിട സൗകര്യമില്ലായ്കയോ ഔഷധം കിട്ടാത്തതോ അല്ല. ഇന്ത്യ ന്യൂസിലാൻഡിനെ തോൽപ്പിച്ചുവോ എന്നതാണിവിടുത്തെ പ്രധാനകാര്യം; തോല്പിച്ചത് പാക്കിസ്താനെയാണെങ്കിൽ കൂടുതൽ ഗംഭീരമായി. ടെണ്ടുൽക്കറോ ഗാംഗുലിയോ സെഞ്ചുറി നേടിയോ എന്നതാണിവിടെ പ്രധാനം! വെറും തടിതപ്പലല്ലേ ഇത്.

ദാരിദ്ര്യത്തിന്നും തൊഴിലില്ലായ്മക്കും മറ്റു സാമൂഹ്യ തിന്മകൾക്കുമെതിരായി ജനങ്ങൾ നടത്തുന്ന പോരാട്ടത്തിൽ അവരെ സഹായിക്കുകയാണ് സാഹിത്യവും കലയും മാധ്യമങ്ങളുമെല്ലാം ചെയ്യേണ്ടതെന്ന് എനിക്കു തോന്നുന്നു. അതിന്ന് ഇന്ത്യയെ പ്രബലമായൊരു ആധിനിക വ്യവസായ വൽകൃത രാഷ്ട്രമാക്കണം അതിന്ന് ജനങ്ങളിൽ ശാസ്ത്രീയ ചിന്താഗതി വളർത്തണം.

(സുപ്രീം കോടതി ജഡ്ജിയാണ് ജ: മാർക്കണ്ഡേയ കാട്ജു. ഹിന്ദുവിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ സംഗ്രഹമാണിത്) ❑

# പ്രധാനമന്ത്രിയായിത്തീർന്ന ഒരു വിപ്ലവകാരി

- പ്രേരണ മരസിനി -

പ്രചണ്ഡ എന്നു പറയുന്ന ഈ വിപ്ലവകാരി യഥാർത്ഥത്തിൽ ആരാണെന്ന് 2006 ജൂൺ 16 വരെ ആർക്കും അറിയില്ലായിരുന്നു. പ്രചണ്ഡയുടേതാണെന്നു പറഞ്ഞ് ആകെ ഒരു പഴയ ഫയൽ ചിത്രം മാത്രമാണ് പ്രചരിച്ചിരുന്നത്. ഒടുവിൽ 2006 ജൂൺ 16ന് പ്രധാനമന്ത്രി ഗിരിജ പ്രസാദ് കൊയ്‌രാളയുടെ ഔദ്യോഗിക വസതിയിൽ നടത്തിയ ഒരു പത്ര സമ്മേളനത്തോടെയാണ് പ്രചണ്ഡയുടെ 25 കൊല്ലത്തെ അണ്ടർഗ്രൗണ്ട് ജീവിതത്തിന് അറുതിവന്നത്.

1954 ൽ ഒരു കർഷക കുടുംബത്തിൽ ജനിച്ച പ്രചണ്ഡയുടെ ശരിയായ പേര് പുഷ്പകമൽ ദഹാൽ എന്നാണ്. ജാതി-മത പരിഗണനകൾക്കതീതമാകാൻ വേണ്ടിയാണ് പ്രചണ്ഡ എന്ന പേർ സ്വീകരിച്ചത്. ഒരു സാധാരണ ബ്രാഹ്മണ കുടുംബമായ പ്രചണ്ഡയുടെ പൂർവ്വികർ നാടുവാഴികളുടെ ചൂഷണത്തിനൊരുപാട് ഇരയായിട്ടുണ്ട്. ചിത്വാനിലെ കാർഷിക കോളേജിൽനിന്ന് ബിരുദം നേടിയശേഷം ദഹാൽ കുറച്ചുകാലം അധ്യാപക ജോലി നോക്കി.

1971 മുതൽക്കുതന്നെ നീപ്പാൾ കമ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരിച്ചു പ്രവർത്തിച്ചുവന്നിരുന്നുവെങ്കിലും 2000ൽ മാത്രമാണ് അദ്ദേഹം അതിന്റെ ചെയർമാനായത്. അദ്ദേഹം പ്രധാനമന്ത്രിയായതാകട്ടെ, പത്തുകൊല്ലം നീണ്ടുനിന്ന രക്തപങ്കിലമായ ഒളിപ്പോരിന്നു ശേഷവുമാണ്.



പ്രചണ്ഡ

1996 ൽ മാവോയിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി നീപ്പാളി കോൺഗ്രസ് നേതാവായ ഷേർബഹാദൂർ ദൂബേയുടെ നേതൃത്വത്തിലുള്ള ഗവർമ്മേണ്ടിന്ന് 40 ഇനങ്ങളടങ്ങിയ ഒരു മെമ്മോറാണ്ടം സമർപ്പിച്ചു. രാജവാഴ്ചക്കറുതിവരുത്തണമെന്നതായിരുന്നു അതിലെ പ്രധാനാവശ്യം. രണ്ടര നൂറ്റാണ്ടുപഴക്കമുള്ള രാജവാഴ്ചക്കറുതിവരുത്തുക എന്നത് അന്ന് ആർക്കും ചിന്തിക്കാൻപോലും സാധ്യമായിരുന്നില്ല. അന്ത്യശാസനത്തിന്റെ കാലാവധി കഴിഞ്ഞതോടെ മാവോയിസ്റ്റുകൾ സായുധ സമരം ആരംഭിച്ചു. രുക്കും ജില്ലയിലെ ഒരു പോലീസ് സ്റ്റേഷന്റെ നേരെയായിരുന്നു ആദ്യത്തെ ആക്രമണം. പിന്നീടത് രാജ്യമാകെ വ്യാപിച്ചു. കൊള്ളയടിച്ചു ശേഖരിക്കുന്ന ആയുധങ്ങളുപയോഗിച്ച് വനാന്തരങ്ങളിൽ വളണ്ടിയർമാർക്ക് പരിശീലനം നൽകാൻ തുടങ്ങി. ആദ്യം മാവോ

യിസ്റ്റുകളെ ഭീകരന്മാരായാണ് ചിത്രീകരിച്ചിരുന്നത്. പോലീസും മാവോയിസ്റ്റുകളും തമ്മിലുള്ള ഏറ്റുമുട്ടൽ നിത്യസംഭവമായി വളർന്നു. നീപ്പാൾ ഗവർമ്മേണ്ട് ഗ്രാമപ്രദേശങ്ങളെ അവഗണിക്കുകയും വികസന പ്രവർത്തനം മുഴുവൻ തലസ്ഥാന നഗരിയിൽ കേന്ദ്രീകരിക്കുകയും ചെയ്തതിനാൽ മാവോയിസ്റ്റുകൾക്ക് ജനപിന്തുണ നേടുക എളുപ്പമായിരുന്നു. ഏതാണ്ടെല്ലാ സ്ഥാപനങ്ങളും രാഷ്ട്രീയവൽക്കരിക്കപ്പെട്ടു; അഴിമതി അഴിഞ്ഞാടി. 2001 ൽ രാജകുടുംബാംഗങ്ങളുടെ കൂട്ടക്കൊലയോടെ രാജഭക്തരായിരുന്നവർപോലും രാജാവിന്നെതിരായി.

2005ൽ ജ്ഞാനേന്ദ്ര രാജാവ് അധികാരമെല്ലാം കയ്യടക്കിയപ്പോൾ, അതിന്നെതിരെ മറ്റുകക്ഷികളോടൊപ്പം അണിചേരാൻ മാവോയിസ്റ്റുകൾക്ക് അവസരം ലഭിച്ചു. രാഷ്ട്രീയ കക്ഷികളുടെ ദൽഹി സമ്മേളനം ഒരു പന്ത്രണ്ടിന പരിപാടി അംഗീകരിച്ചു. അതോടെ ഒരു ജനകീയ സമരവും ആരംഭിച്ചു.

2006 ഏപ്രിൽ 24ന്ന് രാജാവ് അധികാരം കയ്യൊഴിയുകയും പാർലിമെന്റ് പുന:സ്ഥാപിതമാക്കുകയും ചെയ്തു. അതോടെ മാവോയിസ്റ്റുകൾ ഒളിപ്പോർ അവസാനിപ്പിച്ചു. പ്രചണ്ഡയും ഗിരിജാപ്രസാദ് കൊയ്രാളയും ഒരു സമാധാന കരാറിൽ ഒപ്പിട്ടു. രണ്ടുകൊല്ലത്തിന്നുശേഷം 2008ൽ വ്യവസ്ഥാപക സമിതിയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ മാവോയിസ്റ്റുകൾ ഏറ്റവും വലിയ കക്ഷിയായി മാറി. പ്രചണ്ഡ പ്രധാനമന്ത്രി പദത്തിലെത്തിയത് അങ്ങനെയാണ്.

പ്രചണ്ഡ നേരിടുന്നത് പ്രധാനമായും രണ്ടു വെല്ലുവിളികളാണ്. ഒളിപ്പോരു നടക്കുന്ന കാലത്ത് ഒരുപാടുപേരുടെ സ്വത്തുക്കൾ മാവോയിസ്റ്റുകൾ പിടിച്ചെടുത്തിട്ടുണ്ട്. അനാഥരായ ഇവരുടെ പുനരധിവാസമാണ് ഒന്നാമത്തെ പ്രശ്നം. ഏതാണ്ട് 2100 കുടുംബങ്ങൾ വഴിയാധാരമായിരുന്നു. ഇവരിൽ 700 പേർക്ക് മാത്രമേ വീട് തിരിച്ചു കിട്ടിയിട്ടുള്ളൂ. മുൻ പ്രധാനമന്ത്രി ദുബ, നേപ്പാളി കോൺഗ്രസ് നേതാവായ ഗുരൂംഗ്, നീപ്പാൾ കമ്യൂണിസ്റ്റ് നേതാവായ ബോഹ്റ എന്നിവരെല്ലാം ഭൂമിയും സ്വത്തുക്കളും തിരിച്ചുകിട്ടേണ്ടവരുടെ കൂട്ടത്തിൽ പെടുന്നു.

സൈന്യത്തിന്റെ ഏകീകരണമാണ് മറ്റൊരു പ്രധാന പ്രശ്നം. നീപ്പാളിന്ന് സ്വന്തമായൊരു സൈന്യമുണ്ട്. മാവോയിസ്റ്റുകൾക്ക് അവരുടേതായ സൈന്യവുമുണ്ട്. ഇവയുടെ സംയോജനം വലിയൊരു പ്രശ്നമാണ്. പ്രചണ്ഡയുടെ സുരക്ഷിതത്വത്തിന്നായി മാവോയിസ്റ്റു സൈന്യത്തെ നിയോഗിച്ചിരിക്കുന്നത് മറ്റുകക്ഷികളുടെയെല്ലാം പ്രതിഷേധത്തിന്നിടയാക്കുകയുണ്ടായി.

സൈന്യത്തിലേക്ക് റിക്രൂട്ട്മെന്റ് നടത്താൻ, ചില നിശ്ചിത യോഗ്യതകൾ വേണം. എന്നാൽ മാവോയിസ്റ്റ് സൈന്യത്തിലേക്ക് ആളുകളെ റിക്രൂട്ട് ചെയ്തത് പ്രത്യേകിച്ചൊരു യോഗ്യതയും നോക്കാതെയാണ്. ഈ രണ്ടു സൈന്യങ്ങളേയും തമ്മിൽ സംയോജിപ്പിക്കുക എളുപ്പമല്ല.

ഗവർമ്മേണ്ട് സൈന്യവും മാവോയിസ്റ്റുകളും തമ്മിൽ നടന്ന ആഭ്യന്തര യുദ്ധകാലത്ത് 14000 പേരോളം കൊല്ലപ്പെട്ടിട്ടുണ്ട്. പുതിയ സംവിധാനം രാജ്യത്ത് സമാധാനം കൈവരുത്തുമെങ്കിൽ ആ ബലി ഫലദായകമായതായി കരുതാം. ❑

# അണുവൈദ്യുതിക്ക് പൊന്നിന്റെ വില നൽകേണ്ടിവരും

- ബ്രഹ്മ ചെല്ലാനി -

വൈദ്യുതോല്പാദനത്തിന്നാവശ്യമായ റിയാക്ടറുകളും ഇന്ധനവും ഇറക്കുമതി ചെയ്യുന്നതിന്ന് ഇന്ത്യക്ക് തടസ്സം നിൽക്കുന്നത് അമേരിക്കൻ നേതൃത്വത്തിലുള്ള ഒരു സംഘം രാജ്യങ്ങളാണ്. മേത്തരം സാങ്കേതികവിദ്യയുടെ കൈമാറ്റം ഇവർ പൂർണമായും നിരോധിച്ചിരിക്കുകയാണ്. ഈ നിരോധനം പൂർണമായും എടുത്തുകളഞ്ഞേ തീരൂ. ഇന്ത്യാ-അമേരിക്ക കരാറിൽ പറയുന്നതുപോലെയുള്ള ഭാഗിക പിൻവലിക്കൽകൊണ്ട് കാര്യമൊന്നുമില്ല.

അണു റിയാക്ടറുകൾ നിർമ്മിച്ചു വിൽക്കാൻ കഴിവുള്ള രാജ്യങ്ങൾ അമേരിക്കക്കു പുറമെ ഫ്രാൻസും റഷ്യയുമാണ്. ഈയിടെ റഷ്യയിൽനിന്നും ഫ്രാൻസിൽനിന്നും റിയാക്ടർ വാങ്ങാൻ ഇന്ത്യ കരാർ ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിലുള്ള നിയന്ത്രണം നീക്കുന്നത് കാത്തിരിക്കുകയാണ് എല്ലാവരും.

അപ്രതീക്ഷിതമായി പലതും സംഭവിച്ചേക്കാമെന്നതിനാൽ, ഇന്ത്യക്ക് നാനാതരം ഊർജ്ജങ്ങളുടെ ഒരു മിശ്രണം ആവശ്യമാണ്. അതിൽ അണുവൈദ്യുതിക്കും സ്ഥാനമുണ്ടാകണം. എന്നാൽ അണുവൈദ്യുതിക്കായി ഇന്നു കാണിച്ചുവരുന്ന വെപ്രാളം നിയന്ത്രിക്കേണ്ടതുണ്ട്. ഇന്ന് ഇന്ത്യയുടെ വൈദ്യുതോല്പാദനത്തിൽ രണ്ടര ശതമാനം മാത്രമാണ് അണു വൈദ്യുതിയെന്നോർക്കുക.

ഒന്നാമത് ഇറക്കുമതി ചെയ്ത റിയാക്ടറും ഇറക്കുമതി ചെയ്ത യുറേനിയവും ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് സാമ്പത്തികമായോ തന്ത്രപരമായോ വിവേകപൂർവ്വമായ നടപടിയല്ല. ലൈറ്റ് വാട്ടർ റിയാക്ടർ മാത്രമേ ലോക വിപണിയിൽ കിട്ടാനുള്ളൂ. ഇത്തരം റിയാക്ടർ നിർമ്മിക്കാൻ ഇന്ത്യക്ക് പ്ലാനുണ്ടായിരുന്നുവെങ്കിൽ, ഈ ഇറക്കുമതിയെ ന്യായീകരിക്കാമായിരുന്നു. ചീന അതാണ് ചെയ്തത്. ഇന്ത്യക്ക് ആ പ്ലാനില്ല. ഇവിടെ നിർമ്മിക്കുന്നത് ഹെവിവാട്ടർ റിയാക്ടറാണ്. അതിനാൽ ഇത് വാങ്ങുന്നത് നിരർത്ഥകമാണ്.

രണ്ടാമതായി, ആയുധ കച്ചവടം പോലെത്തന്നെയാണ് റിയാക്ടർ കച്ചവടവും. വൻശക്തികൾക്ക് വമ്പിച്ചൊരു സൈന്യത്തേയും പടുകൂറ്റൻ വ്യവസായ ശൃംഖലയേയും നിലനിർത്താൻ കഴിയുന്നത് ആയുധക്കച്ചവടത്തിലൂടെ നേടുന്ന വമ്പിച്ച ലാഭംകൊണ്ടാണ്. ഫ്രെഞ്ച്-റഷ്യൻ അണുശക്തി ബിസിനസ് നിലനിർത്തുന്നതും അമേരിക്കയുടെ മുരടിച്ച അണുശക്തി ബിസിനസ് പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുന്നതും ഈ റിയാക്ടർ കച്ചവടത്തിലൂടെയാണ്. 1970 കൾക്കുശേഷം അമേരിക്കയിൽ ഒരൊറ്റ റിയാക്ടറിന്നുപോലും ഓർഡർ ലഭിച്ചിട്ടില്ല. അതിനാൽ ആയുധ കച്ചവടത്തിന്റെ പിന്നിലുള്ള രാഷ്ട്രീയം തന്നെയാണ് റിയാക്ടർ കച്ചവടത്തിന്റെ പിന്നിലുള്ളതും. ഇറക്കുമതിയെ ആശ്രയിക്കുന്ന ഇന്ത്യക്ക് ഊർജസുരക്ഷിതത്വമോ ദേശീയ സുരക്ഷിതത്വമോ ഉണ്ടാവില്ല.

ആയുധക്കാര്യത്തിൽ പറ്റിയ വിഡ്ഢിത്തംതന്നെയാണ് ഇന്ത്യക്ക് ഊർജ്ജക്കാര്യത്തിലും സംഭവിക്കാൻ പോകുന്നത്. ഇന്ത്യ ഇപ്പോൾ കൊല്ലംതോറും 400 കോടി ഡോളറിനും 600 കോടി ഡോളറിന്നുമിടയിൽ വിലവരുന്നത്ര ആയുധങ്ങൾ വാങ്ങിക്കൂട്ടുന്നുണ്ട്. ഇവയിൽ പലതിന്റെയും ഗുണമേന്മ സംശയകരമാണ്. ആയുധം വാങ്ങാൻ ഇത്രയൊക്കെ പണം ചെലവാക്കു

മ്പോഴും ഇവിടത്തെ ആയുധ നിർമ്മാണ വ്യവസായം അവഗണിക്കപ്പെടുന്നു. ഇറക്കുമതിക്കായി പണം വെള്ളംപോലെ ചെലവാക്കുന്നുണ്ടെങ്കിലും ഒരു നിർണ്ണായക യുദ്ധത്തിൽ ജയിക്കാനുള്ള ഇന്ത്യയുടെ ശേഷി കുറഞ്ഞു വരികയാണ്.

ഈ അടുത്ത കാലം വരെ അണുവൈദ്യുതി ഇവിടെ ആർക്കും വേണ്ടായിരുന്നു. 1990 കളിൽ ആഭ്യന്തര അണുമേഖലക്കാവശ്യമായ പണം അനുവദിക്കാതെ പട്ടിണിക്കിട്ടു കൊല്ലുകയായിരുന്നു. ഇറക്കുമതിക്കുള്ള സാധ്യത തെളിഞ്ഞപ്പോഴാണ് അണുവൈദ്യുതി സർവ്വകെടുതികൾക്കും പരിഹാരമായി കൊട്ടിഘോഷിക്കാൻ തുടങ്ങിയത്. എന്നാൽതന്നെ എന്തിനീ വിലയേറിയ റിയാക്ടറുകൾ വാങ്ങണം? നമുക്കിവിടെ സ്വന്തം വിഭവങ്ങൾ വികസിപ്പിച്ചെടുത്തുകൂടേ?

മൂന്നാമതായി, ലോകത്തിൽ ആകെ ഉപയോഗിക്കുന്ന വൈദ്യുതിയിൽ അണുവൈദ്യുതിക്കുള്ള പങ്ക് 16 ശതമാനം മാത്രമാണ്. കഴിഞ്ഞ 22 കൊല്ലമായി ഈ നിലയിൽ മാറ്റം വന്നിട്ടില്ല. അണുവൈദ്യുതിയാകട്ടെ നിലനിൽക്കുന്നത് സർക്കാരിന്റെ സബ്സിഡികൊണ്ടുമാണ്.

നാലാമതായ്, കാൽനൂറ്റാണ്ടുകാലമായി അധോഗതിയിലായിരുന്ന അണുശക്തി വ്യവസായത്തിന്ന് പെട്ടെന്ന് നവജീവൻ നൽകാനാവില്ല. ഇന്നുതന്നെ മർമ്മ പ്രധാനമായ പല ഘടകങ്ങളും കിട്ടാനില്ല. ഒരു പിടി വൻകിട കമ്പനികളെ മാത്രം ആശ്രയിച്ച് നിലനിൽക്കുന്ന ഒന്നാണീ വ്യവസായം. ജപ്പാൻ സ്റ്റീൽ വർക്സിന്റെ കീഴിലുള്ള ഒരു സ്ഥാപനം മാത്രമേ കൂറ്റൻ പ്രഷർവെസലും ജനറേറ്ററുമടക്കമുള്ള ഒമ്പതു ഘടകങ്ങൾ നിർമ്മിക്കുന്നുള്ളൂ. ചില പാർട്ടുകൾ കിട്ടാൻ ആറുകൊല്ലം കാത്തിരിക്കേണ്ടിവരും.

ആഗോള താപനില വർധിപ്പിക്കുന്ന വാതകങ്ങൾ ഏഴിലൊന്നെങ്കിലും കുറയ്ക്കാൻ 1300 റിയാക്ടറുകൾ നിർമ്മിക്കേണ്ടിവരുമെന്ന് പ്രിൻസ്ടൺ യൂനിവേഴ്സിറ്റിയുടെ പ്രൊഫസർമാരായ റോബർട്ട് സോക്കോലോവും സ്റ്റീഫൻ പക്കാലയും പറയുന്നു.

അഞ്ചാമത്, അണുശക്തി മലിനീകരണമുണ്ടാക്കാത്ത ശുദ്ധമായ വൈദ്യുതിയാണെന്ന് പറയാറുണ്ട്. അത് അത്രയൊന്നും ശുദ്ധമല്ല. യുറേനിയം ഖനനം, സമ്പുഷ്ടീകരണം തുടങ്ങിയ പ്രക്രിയകളെല്ലാം മലിനീകരണം സൃഷ്ടിക്കുന്നവയാണ്. റിയാക്ടറുകളിൽനിന്നുള്ള അണുപ്രസരാവശിഷ്ടങ്ങൾ വലിയൊരു പ്രശ്നമാണ്.

ആറാമത്, റിയാക്ടർ നിർമ്മാണ പ്രക്രിയ പ്രശംസാവഹമൊന്നുമല്ല. ഫ്രെഞ്ച് കമ്പനിയായ ആരേവ ഫിൻലാൻഡിൽ ഒരു അണുവൈദ്യുതി നിലയം നിർമ്മിക്കുന്നുണ്ട്. 1991ന്നു ശേഷം പാശ്ചാത്യർ നിർമ്മിക്കുന്ന ആദ്യത്തെ അണു നിലയമാണിത്. പണിപൂർത്തിയാക്കേണ്ട കാലം കഴിഞ്ഞിട്ട് രണ്ടുകൊല്ലമായി. 400 കോടി ഡോളറായിരുന്നു മതിപ്പു ചെലവെങ്കിലും 600 കോടി ഡോളർചെലവായിക്കഴിഞ്ഞു.

ഇന്ത്യക്ക് സ്വന്തം വൈദ്യുതി നിലയങ്ങളുണ്ട്. താരാപ്പൂരിലെ മൂന്നാം റിയാക്ടറും നാലാം റിയാക്ടറും നിശ്ചിത കാലത്തിന്നുമുമ്പുതന്നെ പൂർത്തിയാകും. എന്നാൽ കൂടൻകുളത്ത് റഷ്യ നിർമ്മിക്കുന്ന നിലയങ്ങൾ ഇനിയും പൂർത്തിയായിട്ടില്ല. സോവിയറ്റ് യൂണിയന്റെ തകർച്ചയെത്തുടർന്ന് റഷ്യൻ വ്യവസായ രംഗത്തുണ്ടായ തളർച്ചയാണിതിന്നു കാരണം.

ഈ പാശ്ചാത്തലത്തിൽ റിയാക്ടറുകൾ ഇറക്കുമതി ചെയ്യാൻ വലിയ വെപ്രാളം കാണിക്കാതിരിക്കുന്നതാണ് നല്ലത്. പുതുക്കാവുന്ന ഊർജ്ജങ്ങളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നതാണ് ഉത്തമം. (ദൽഹിയിലെ സെന്റർ ഫോർ പോളിസി റിസർച്ചിലെ പ്രൊഫസറാണ് ലേഖകൻ.) ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2006-08
Licensed to post without prepayment: KL/TCR/WPP-06/2006-08
Posted at R.M.S., Thrissur-21. Date of posting: 27-9-2008

# വ്യാജസർട്ടിഫിക്കറ്റുകാരെ പുറത്താക്കിയാൽ മതിയോ?

- സുഭാഷ് ഗതാഡെ -

ഒറീസയിലെ ബലാംഗീറിൽ ഈയിടെ ആദിവാസികൾ ഒരു സമരം നടത്തി. ആദിവാസികളല്ലാത്തവർക്ക് ആദിവാസിയെന്ന സർട്ടിഫിക്കറ്റ് നൽകി വരുന്നതിൽ പ്രതിഷേധിച്ചുള്ളതായിരുന്നു സമരം. ആദിവാസികളുടെ സമരമാകയാൽ അധികം ജനശ്രദ്ധയൊന്നും ഇതിന്നുലഭിച്ചില്ല. എങ്കിലും ചില പരിഹാരനടപടികളെടുക്കാൻ ഒറീസാഗവർമ്മേണ്ട് നിർബ്ബദ്ധിതമായി.

ഇതിന്റെ പിന്നാലെ സുപ്രീംകോടതിയിൽ ഒരു വിധിയുണ്ടായി. ഒരാൾ ജോലിയിൽ പ്രവേശിച്ചത് വ്യാജ ജാതിസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണെന്നു കണ്ടാൽ അയാളെ കയ്യോടെ പിരിച്ചുവിടണമെന്നാണ് വിധി.

ദളിതർക്കും ആദിവാസികൾക്കും സംവരണം ചെയ്ത സീറ്റിൽ നിയമനം നടത്താത്ത സീറ്റ് എത്രയുണ്ടെന്നു കണ്ടുപിടിക്കുക എളുപ്പമാണ്. എന്നാൽ എത്രസീറ്റിൽ നിയമനം നടത്തിയെന്നു കണ്ടുപിടിക്കുക എളുപ്പമല്ല. അത്രയധികമുണ്ട് വ്യാജ സർട്ടിഫിക്കറ്റ്. മൂന്നുകൊല്ലംമുമ്പ് സി.ബി.ഐ. ഡൽഹിയിൽ ഒരന്വേഷണം നടത്തിയതിൽ, ദൽഹി ഗവർമ്മേണ്ടിന്റെ വിവിധ വകുപ്പുകളിൽ നിയമനം സംഘടിപ്പിച്ചവരിൽ 30 ശതമാനമെങ്കിലും വ്യാജസർട്ടിഫിക്കറ്റുകാരാണെന്ന് കണ്ടെത്തിയിരുന്നു. പട്ടികജാതി കമ്മീഷനും പട്ടികവർഗ്ഗ കമ്മീഷനും ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ട്.

തമിഴ്നാട്ടിലെ കേന്ദ്ര ജീവനക്കാർക്കിടയിൽ നടത്തിയ ഒരന്വേഷണത്തിൽ 338 ജീവനക്കാരെങ്കിലും വ്യാജസർട്ടിഫിക്കറ്റുകാരാണെന്നു കണ്ടെത്തി. ഇവരെ പുറത്താക്കാനുള്ള ശ്രമം കോടതികളുടെ സ്റ്റേ ഓർഡർമൂലം ഫലിച്ചില്ല. അവസാനം ഒട്ടാകെ ആറുപേരെയാണ് പുറത്താക്കിയത്. 1000 രൂപ നൽകിയാൽ ഒരാൾക്ക് ഏതുതരം സർട്ടിഫിക്കറ്റ് വേണമെങ്കിലും തയ്യാറാക്കിത്തരുന്ന ഏജൻസികളുണ്ട്.

ജാതിപ്പേരുകളിലെ സാമ്യമാണ് വ്യാജസർട്ടിഫിക്കറ്റിനുള്ള ഒരു മാർഗ്ഗം. ഉദാഹരണത്തിന്ന് ഒറീസയിലെ അറുപത്തിരണ്ടു ആദിവാസി വിഭാഗങ്ങളിലൊന്ന് കോണ്ടദോരയാണ്. ഈ ജാതിയിൽ ആകെ 1400 പേരെയുള്ളൂ. എന്നാൽ ഒറീസാഗവർമ്മേണ്ടിന്റെ സർവ്വീസിൽ കോണ്ട ദോരകൾ ഒരുപാടുണ്ട്. യഥാർത്ഥത്തിൽ ഇവരെല്ലാം ദോര എന്ന ജന്മിവരർഗ്ഗത്തിൽപെട്ടവരാണ്. ഇത്തരം കേസുകൾ സ്റ്റേ ഒർഡറുകളിൽ കുടുങ്ങുന്നു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.